# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

dokkd.ksad@kerala.gov.in

# കാരശ്ശേരി ഗ്രാമപഞ്ചായത്ത്

# 2017-18 വർഷത്തെ

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി/പി.3/330/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:21.03.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

കാരശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാരശ്ശേരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3ഖണ്ഡികളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി/പി.3/330 /2019 തിയ്യതി: 21.03.2019

# കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കാരശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ പരിശോധനാവിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 31.3.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം എന്നിവ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

| (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സതീഷ് മാവേലി പുത്തൻവീട്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.2.2019, 18.2.2019 മുതൽ 25.2.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഇ. വി.ഹരി, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പി. എ. വിനോദ്, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. എ. കെ.ഷൈന, അസി. ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീമതി. ജിഷ സാമുവൽ,<br>സീനി. ഗ്രേഡ് ഓഡിറ്റർ<br>13.2.2019,<br>18.2.2019 മുതൽ 20.2.2019വരെ |
| | ശ്രീമതി. പി. ജിഷ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട് - ശ്രീ. വി. കെ. വിനോദ് - 1.4.2017 മുതൽ 31.3.2018 വരെ

സെക്രട്ടറി

ശ്രീ. സി. ഇ. സുരേഷ് ബാബു - 1.4.2017 മുതൽ 31.3.2018 വരെ

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| നിർവഹണോദ്യോഗസ്ഥർ | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീമതി. എൻ. ഭുവനേശ്വരി | അസിസ്റ്റന്റ് സെക്രട്ടറി | 1.4.2017 മുതൽ 31.3.2018 വരെ |
| ശ്രീ. സി. എച്ച്. മുസ്തഫ | അസിസ്റ്റന്റ് എഞ്ചിനീയർ | 1.4.2017 മുതൽ 31.3.2018 വരെ |
| ശ്രീ. മുജീബ് റഹ്മാൻ | വെറ്ററിനറി സർജൻ | 1.4.2017 മുതൽ 31.3.2018 വരെ |
| ഡോ. എൻ. മനലാൽ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 1.4.2017 മുതൽ 31.3.2018 വരെ |
| ഡോ. വി. പി. ഗീത | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1.4.2017 മുതൽ 31.3.2018 വരെ |
| ഡോ. കെ. അഭയദേവ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1.4.2017 മുതൽ 31.3.2018 വരെ |
| ശ്രീ. എൻ. ലിനീഷ് | വി.ഇ.ഒ | 1.4.2017 മുതൽ 31.3.2018 വരെ |

| | | |
|---|---|---|
| | | |
| ശ്രീമതി. എം. എ. പ്രഷീദാഭായ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 1.4.2017 മുതൽ 20.2.2018 വരെ |
| ശ്രീമതി. ബി. റിസ്വാന | | 21.2.2018 മുതൽ 31.3.2018 വരെ |
| ശ്രീമതി. സി. വി. ശുഭ | കൃഷി ഓഫീസർ | 1.4.2017 മുതൽ 31.3.2018 വരെ |
| ശ്രീമതി. ഉമൈസ | ഡയറി ഫാം ഇൻസ്ട്രക്ടർ | 1.4.2017 മുതൽ 31.3.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം ( ACR പ്രകാരം ) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |

| | | |
|---|---|---|
| 8 | ക്ഷേമപദ്ധതികള്‍ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാര്‍ഷിക കണക്കുകളിലെ അപാകതകള്‍ | 1-12 |
| | ഭാഗം - 2 | |
| 13 | തൊഴില്‍ നികുതി അപാകതകള്‍ | 2-1 |
| 14 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങള്‍ക്ക് വ്യത്യസ്ത രീതിയില്‍ നികുതി നിര്‍ണയം | 2-2 |
| 15 | ഡോര്‍മെറ്ററി ആവശ്യത്തിനുള്ള കെട്ടിടത്തിന് വാസഗൃഹത്തിന്റെ നികുതി നിരക്കില്‍ നികുതി നടത്തി | 2-3 |
| 16 | ഭാഗികമായി പൂര്‍ത്തിയാക്കിയ കെട്ടിടങ്ങളുടെ നികുതി നിര്‍ണയം സംബന്ധിച്ച് | 2-4 |
| 17 | നെല്‍വയല്‍ - തണ്ണീര്‍ത്തടത്തില്‍ വ്യവസായാവശ്യത്തിന് അനുമതി നല്‍കിയത്. | 2-5 |
| 18 | പൂര്‍ത്തീകരണ പ്ലാനുകളില്‍ കൃത്യമായ പരിശോധന നടക്കുന്നില്ല. | 2-6 |
| | ഭാഗം - 3 | |
| 19 | മൃഗാശുപത്രി മരുന്ന് വാങ്ങല്‍ - അപാകതകള്‍ | 3-1 |

| | | |
|---|---|---|
| 20 | കരാർ വ്യവസ്ഥകൾ പാലിക്കാതെ ഇരുവഴിഞ്ഞി തീർത്ഥം കുടിവെള്ള ഉൽപ്പാദന വിതരണ പദ്ധതി ആരംഭിച്ചു. | 3-2 |
| 21 | മൊബൈൽ സൂപ്പർ മാർക്കറ്റ്, റെഡിമെയ്ഡ്, സോപ്പ് നിർമ്മാണ യൂണിറ്റുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു. | 3-3 |
| 22 | ആട് ഗ്രാമം പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-4 |
| 23 | മുട്ടക്കോഴി വളർത്തൽ പദ്ധതിയിലെ അപാകതകൾ | 3-5 |
| 24 | ക്ഷീരഗ്രാമം പദ്ധതിയിലെ അപാകതകൾ | 3-6 |
| 25 | സണ്ണിപ്പടി തൊമ്മൻ കട റോഡ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-7 |
| 26 | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ പദ്ധതിയിലെ അപാകതകൾ | 3-8 |
| 27 | വൃദ്ധർക്ക് കട്ടിൽ - വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല | 3-9 |
| 28 | പൊതുമരാമത്ത് പ്രവർത്തികൾ സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ട് നഷ്ടമാകുന്നു. | 3-10 |
| 29 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ആവശ്യമായ തുക വകയിരുത്തിയില്ല. | 3-11 |
| 30 | തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകിയ പ്രവൃത്തി നടത്തുന്നു. | 3-12 |

| | | |
|---|---|---|
| 31 | ശിശുമന്ദിരം എതിർപ്പാറ റോഡ് - സ്പിൽ ഓവർ പ്രവൃത്തി പുതിയ പ്രവൃത്തിയായി കാണിച്ച് ഫണ്ട് വക മാറ്റി പദ്ധതി നടപ്പിലാക്കി. | 3-13 |
| 32 | പൊതുമരാമത്ത് പ്രവൃത്തി ബില്ലിൽ നിന്ന് ഓവർ ഹെഡ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച് | 3-14 |
| 33 | റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു. | 3-15 |
| 34 | കാർഷിക ഉൽപ്പന്ന വിതരണ പദ്ധതി - ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന് രേഖകൾ ഹാജരാക്കിയില്ല. | 3-16 |
| 35 | ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്ക് ഭവനം നിർമ്മിച്ചു നൽകൽ - വിവരങ്ങൾ ലഭ്യമല്ല. | 3-17 |
| 36 | ഗ്രാമസഭാ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു. | 3-18 |
| 37 | വികസന ഫണ്ട് ചെലവില്ലാതെ ബാങ്ക് അക്കൌണ്ടിൽ സൂക്ഷിക്കുന്നു. | 3-19 |
| 38 | പാലിന് സബ്സിഡി - വിതരണ രേഖകൾ ഹാജരാക്കിയില്ല. | 3-20 |
| 39 | എട്ടാം ക്ലാസിലെ പെൺകുട്ടികൾക്ക് സൈക്കിൾ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-21 |
| 40 | കയ്യേറ്റം ഒഴിപ്പിച്ച തുക ഉത്തരവാദിയിൽ നിന്ന് ഈടാക്കിയില്ല. | 3-22 |
| 41 | പെൻഷൻ അംശദാനം അടയ്ക്കാൻ നടപടി സ്വീകരിച്ചില്ല. | 3-23 |

| | | |
|---|---|---|
| 42 | വനിതാ ശിങ്കാരിമേളം ഗുണഭോക്തൃ വിഹിതം ഈടാക്കിയതിൽ കുറവ്. | 3-24 |
| 43 | കുട നിർമ്മാണ പരിശീലനം - രേഖകൾ ഹാജരാക്കിയില്ല. | 3-25 |
| 44 | പഞ്ചായത്തിലെ വാങ്ങൽ നടപടിയിലെ പൊതു അപാകതകൾ | 3-26 |
| 45 | തെരുവ് വിളക്ക് സ്ഥാപിക്കൽ/ റിപ്പയർ - അപാകതകൾ | 3-27 |
| 46 | കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-28 |
| 47 | പുതിയ പഞ്ചായത്ത് വാഹനം - സർക്കാർ നിർദേശം പാലിച്ചില്ല | 3-29 |
| | ഭാഗം - 4 | |
| 48 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 49 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 50 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 51 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 52 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 53 | ഓഡിറ്റ് റിക്കവറി | 4-6 |
| 54 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 55 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| 56 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 57 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 58 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം - 1 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ പുതുക്കിയ ബജറ്റ് 28-3-2018 തീയതിയിലെ 1 / 2018 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 4.6.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.6.2018, 12.6.2018 | കെ.എസ്.എ.കെ.കെ.ഡി.ഇ2./ 1111/2018 (20) തീയതി. 16.7.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 90,03,343 |
| വരവ് | 8,03,56,027 |
| ആകെ | 8,93,59,370 |
| ചെലവ് | 8,36,62,592 |
| നീക്കിയിരിപ്പ് | 56,96,778 |

## 1-5 ഫണ്ട് വിനിയോഗം ( ACR പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 18763171 | 18763171 | 17925407 | 837764 |
| വികസനഫണ്ട് എസ്.സി.പി. | - | 6071290 | 6071290 | 6064684 | 6606 |
| വികസനഫണ്ട് ടി.എസ്.പി. | - | 1765283 | 1765283 | 1765283 | - |
| സംരക്ഷണഗ്രാന്റ് റോഡ് | - | 25968087 | 25968087 | 15824083 | 10144004 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 4260892 | 4260892 | 3974089 | 286803 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 7726127 | 7726127 | 6589264 | 1136863 |

| | | | | | |
|---|---|---|---|---|---|
| കെ.എൽ.ജി. എസി.ജി.ഡി.പി | - | 2936466 | 2936466 | 1729741 | 1206725 |
| MNREGS | 36067 | 1184032 | 1220099 | 1198383 | 21716 |
| ബി. ഫണ്ട് | - | 42510300 | 42510300 | 42510300 | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 369 | 98550289 | 202 | 53872551 | 22 | 145 | 55 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| MNREGS – തൊഴിലാളികളുടെ കൂലി | - | 22880351 | 22880351 | 22880351 | - |
| MNREGS – അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 36067 | 1184032 | 1220099 | 1198383 | 21716 |
| ആകെ | 36067 | 24064383 | 24100450 | 24078734 | 21716 |

## 1-8 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 181200 | 294 |
| കർഷക തൊഴിലാളി പെൻഷൻ | 8706000 | 743 |
| വിധവാ പെൻഷൻ | 13880600 | 1179 |
| വാർദ്ധക്യകാല പെൻഷൻ | 15314300 | 1203 |
| വികലാംഗ പെൻഷൻ | 3517400 | 320 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 541500 | 46 |
| വിവാഹ ധനസഹായം | 360000 | 12 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.2.2019 ന് സ്ഥാപന തലവന്റെ / ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30,193/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1. വിവിധ വരവിനങ്ങളിലായി ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ചെക്കുകൾ യഥാസമയം പണമാക്കി മാറ്റുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനുള്ള സംവിധാനമില്ല.

2. കുടുംബശ്രീ സി.ഡി.എസ് പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തിൻെറ യാതൊരു മേൽനോട്ടവുമില്ല.

3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ അപൂർണ്ണമാണ്.

4. വസ്തുനികുതി നിർണയത്തിനായി സഞ്ചയയിൽ നടത്തുന്ന രേഖകപ്പെടുത്തലുകൾ കൃത്യമാണെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.1.2019 മുതൽ 16.1.2019 വരെ | ഡിസംബർ 2018 | PAU 2 / RAR / KRY 2017 തീയതി 31.1.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4.5.2018 മുതൽ 16.5.2018 വരെ | 2013-14 മുതൽ 2017-18 വരെ | LBA HQ 111/II 8A 38/2018-19/84 തീയതി 18.6.2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

കാരശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ച് ഈ ഓഫീസിലെ കെ. എസ്.എ.കെ.കെ.ഡി.ഇ2./1111/2018 (20) തീയതി 16.7.2018 പ്രകാരം സാക്ഷ്യപത്രം പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ സാക്ഷ്യപത്രത്തിൽ പരാമർശിച്ച മുഴുവൻ അപാകതകളും ഗ്രാമ പഞ്ചായത്ത് പരിഹരിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - അപാകതകൾ

2017-18 വർഷത്തെ പഞ്ചായത്തിന്റെ തൊഴിൽ നികുതി വരവ് സംബന്ധിച്ച രേഖകൾ (ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ ) പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

2017-18 സാമ്പത്തിക വർഷത്തെ ഡിമാന്റ് രജിസ്റ്ററിൽ കച്ചവടക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ അപൂർണ്ണമായാണ് രേഖപ്പെടുത്തിയത്. കച്ചവടക്കാരന്റെ പേരും ഈടാക്കിയ തുകയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം, അർദ്ധവാർഷിക വരുമാനം എന്നിവ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല.

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിലല്ല തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളത്.

2) മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങളുടെ ഉടമസ്ഥർക്ക് സ്ഥാപനത്തിലെ ജീവനക്കാരുടെ വേതനം രേഖപ്പെടുത്തിയുള്ള തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയതായി കാണുന്നില്ല.

ഉദാ:- അസോസിയേറ്റഡ് ലാറ്റക്സ് ഇന്ത്യ

കള്ള് ഷാപ്പ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ പിരിച്ചെടുക്കുന്നു എന്നുറപ്പു വരുത്തേണ്ട ഉത്തരവാദിത്തം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കും ഉദ്യോഗസ്ഥർക്കുമുണ്ട്. നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് ബജറ്റ് ചർച്ചകളിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 19/17-18 തീയതി 23.2.19) മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർ വർഷങ്ങളിൽ മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഒരോ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനടിസ്ഥാനപ്പെടുത്തിയാണ് അടിസ്ഥാന നികുതി നിരക്ക് നിശ്ചയിക്കുന്നതും, അതു പ്രകാരമാണ് വസ്തു നികുതി നിർണ്ണയം ചെയ്യേണ്ടതും. ഇതു പ്രകാരം പഞ്ചായത്ത് വ്യത്യസ്ത ഉപയോഗ ക്രമത്തിന് നിരക്കുകൾ നിശ്ചയിക്കുകയും, ആയത് അന്തിമവിജ്ഞാപനത്തിലൂടെ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ നിർമ്മാണം പൂർത്തിയാക്കിയ ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിക്കുന്നതായി കാണുന്നു. ഉദാഹരണം താഴെ ചേർക്കുന്നു.

വാർഡ് നാലിലെ ശ്രീമതി.സുഹറ പുത്തൂർമഠത്തിൽ എന്നയാൾക്ക് വാണിജ്യാവശ്യത്തിനായി നിർമ്മാണാനുമതി ലഭിച്ച ആകെ 287.87 ച.മീ. ൽ താഴെ നില മാത്രം(133.92 ച.മീ.) പണി പൂർത്തിയാക്കി, കെട്ടിടത്തിലെ വിവിധ മുറികൾക്ക് 172എ, 172ബി, 172സി, 172ഡി, 172ഇ എന്നീ നമ്പറുകൾ നൽകി. 26.78 ച.മീ. വീതം

വിസ്തൃതിയുള്ള മുറികൾക്ക് അടിസ്ഥാന വസ്തു നികുതി 30 രൂപ നിരക്കിലാണ് കണക്കാക്കിയത്.

അതേ സമയം വാർഡ് രണ്ടിലുള്ള ശ്രീ.മുഹമ്മദ് ഷെരീഫ് എന്നയാളുടെ വാണിജ്യാവശ്യത്തിനുള്ള 210.74 ച.മീ. വിസ്തൃതിയുള്ള ഇരു നില കെട്ടിടത്തിലെ ആകെ ഒമ്പത് മുറികൾക്ക് (താഴെ നിലയിൽ നാല്, ഒന്നാം നിലയിൽ അഞ്ച്) അടിസ്ഥാന വസ്തു നികുതി 50 രൂപ നിരക്കിലാണ് കണക്കാക്കിയത്.

മേൽ വിവരിച്ച രീതിയിൽ ഒരേയിനം കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി കണക്കാക്കിയത് എന്തടിസ്ഥാനപ്പെടുത്തിയാണന്ന് വിശദീകരിക്കാനാവശ്യപ്പെട്ടതിന് ലഭിച്ച മറുപടി ശ്രീമതി. സുഹറയുടെ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതിൽ തെറ്റു സംഭവിച്ചതാണെന്നും, ഇത് തിരുത്തി നികുതി പുന:നിർണ്ണയിക്കുന്നതാണെന്നുമാണ്.

നികുതി നിർണ്ണയത്തിനായി സഞ്ചയയിൽ വരുത്തിയ എൻട്രികൾ (ഫോറം 6 ൽ) മേലുദ്യോഗസ്ഥർ പരിശോധിച്ച് നികുതി നിർണ്ണയം അംഗീകരിച്ചിട്ടുണ്ട്. ആവശ്യമായ പരിശോധനകളില്ലാതെയാണ് നികുതി നിർണ്ണയം നടത്തുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. നികുതി നിർണ്ണയത്തിലെ ഇത്തരം അപാകതകൾ സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ പാളിച്ചയാണ് കാണിക്കുന്നത്. നികുതി നിർണ്ണയങ്ങൾ കത്യതയോടെ നടത്തേണ്ടതും, നികുതി പുന:നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-3 ഡോർമറ്ററി ആവശ്യത്തിനുള്ള കെട്ടിടത്തിന് വാസഗൃഹത്തിന്റെ നികുതി നിരക്കിൽ നികുതി നിർണ്ണയം നടത്തി.

സി.എം. വലിയുല്ലാഹി മെമ്മോറിയൽ സെക്രട്ടറി, പ്രസിഡന്റ്, ട്രഷറർ എന്നിവരുടെ ഉടമസ്ഥതയിൽ ഗാർഹികാവശ്യത്തിനായി വാർഡ് ഒന്നിൽ പണികഴിപ്പിക്കുന്ന കെട്ടിടത്തിന് 15.9.2015 ൽ ബി1-5954/15 പ്രകാരം നിർമ്മാണാനുമതി നൽകിയിരുന്നു. ഇരു നിലകളിലായി ആകെ 278.25 ച.മീറ്ററാണ് കെട്ടിടത്തിന്റെ വിസ്തൃതി. വീടിന്റെ പണി പൂർത്തീകരിച്ചെന്നും, നമ്പർ അനുവദിക്കണമെന്നും കാണിച്ച് ഉടമസ്ഥർ നൽകിയ അപേക്ഷ പ്രകാരം സ്ഥലം പരിശോധിച്ച ഓവർസിയർ നിർമ്മാണാനുമതി നൽകിയ പ്ലാനിൽ നിന്നും വ്യത്യാസപ്പെടുത്തിയാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും, കെട്ടിടം ഡോർമറ്ററി മാതൃകയിലാണ് പണികഴിപ്പിച്ചിട്ടുള്ളതെന്നും റിപ്പോർട്ട് നൽകി. ഇതിനടിസ്ഥാനപ്പെടുത്തി പൂർത്തീകരണ പ്ലാനിൽ റെസിഡെൻഷ്യൽ എന്ന തലക്കെട്ട് തിരുത്തി ഡോർമെറ്ററി എന്നാക്കി മാറ്റിയിട്ടുണ്ട്. ഇരു നിലകളിലായി ആകെ 198.8 ച.മീ. വിസ്തൃതിയുള്ള കെട്ടിടത്തിന് രണ്ടു വ്യത്യസ്ത നമ്പർ അനുവദിക്കുകയും ചെയ്തു(1/392 ബി, 1/392 സി).

സർക്കാർ ഉത്തരവ് 36/2015/ത.സ്വ.ഭ.വ., തിയ്യതി 24.02.2015 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ബാധകമായി സർക്കാർ നിശ്ചയിച്ച അടിസ്ഥാന വസ്തു നികുതി

നിശ്ചയിച്ച കൊണ്ടുള്ള രണ്ടാം വിജ്ഞാപനമിറങ്ങിയിട്ടുണ്ട് (സ.ഉ.(അ)11/2011 ന്റെ ഭേദഗതി). ഇതു പ്രകാരം 11/2011 ഉത്തരവിലെ ക്രമ നമ്പർ 1 ന ശേഷം 1 എ എന്ന നമ്പർ ഉൾപ്പെടുത്തി സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ എന്നീ ഉപയോഗക്രമത്തിന് കുറഞ്ഞ നികുതി നിരക്ക് 30 എന്നും, കൂടിയ നിരക്ക് 60 രൂപയെന്നും കൂട്ടിച്ചേർത്തു. ഈ ഉത്തരവിനടിസ്ഥാനപ്പെടുത്തി പഞ്ചായത്തിലെ അന്തിമ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതു പ്രകാരം ഈ ഗണത്തിൽപെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്ക് 40 രൂപയാണ്. എന്നാൽ ഈ ഭേദഗതി സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. മുകളിൽ വിവരിച്ച കെട്ടിടത്തെ ഈ ഉപയോഗക്രമത്തിലാണ് ഉൾപ്പെടുത്തേണ്ടിയിരുന്നത്. എന്നാൽ നികുതി നിർണ്ണയത്തിനായി മേൽ കെട്ടിടത്തെ വാസഗൃഹത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന നികുതി നിരക്കായ മൂന്ന രൂപ അടിസ്ഥാനപ്പെടുത്തി നികുതി നിർണ്ണയിച്ചു. മേൽ കെട്ടിടത്തിനെ വാസഗൃഹത്തിന്റെ നിരക്കിൽ നികുതി നിർണ്ണയിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടതിന് ലഭിച്ച മറുപടി ഓവർസിയറുടെ റിപ്പോർട്ട് ശ്രദ്ധിക്കാതെയാണ് വാസഗൃഹത്തിന്റെ നികുതി നിരക്ക് നിശ്ചയിച്ചതെന്നാണ്. വിജ്ഞാപനത്തിലെ ഭേദഗതി സഞ്ചയിൽ ഉൾപ്പെടുത്തേണ്ടതും, ഇത്തരത്തിൽ ഉള്ള മുഴുവൻ കെട്ടിടത്തിന്റെയും നികുതി പുന:നിർണ്ണയിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 ഭാഗികമായി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച്

പഞ്ചായത്ത് പരിധിയിൽ 2017-18 വർഷ കാലയളവിൽ പല കെട്ടിടങ്ങളുടേയും നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ച് നമ്പർ ലഭിക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്. വാണിജ്യാവശ്യത്തിനുള്ള ഇരുനില കെട്ടിടത്തിന് നിർമ്മാണാനുമതി ലഭിച്ച ശേഷം വിവിധ കാരണങ്ങളാൽ ഒരു നില മാത്രം പൂർത്തീകരിക്കുകയും, ഇവയ്ക്ക് നമ്പർ അനുവദിച്ച് നികുതി നിർണ്ണയിക്കുകയും ചെയ്യുന്നു. 100 ച.മീ. കൂടുതൽ വിസ്തൃതിയിലുള്ള വാണിജ്യാവശ്യത്തിനാണ് ഈ കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി ലഭിച്ചിട്ടുള്ളത്. എന്നാൽ മേൽ വിവരിച്ച രീതിയിൽ ഭാഗികമായി ഒരു നില മാത്രം പൂർത്തീകരിക്കുമ്പോൾ വിസ്തൃതി 100 ച.മീ. കുറയുകയും, നികുതി നിർണ്ണയത്തിന് 100 ച.മീ.വരെയുള്ള വാണിജ്യകെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന നികുതി നിരക്ക് കണക്കാക്കി നികുതി നിർണ്ണയം നടത്തുകയും ചെയ്യുന്നു. പഞ്ചായത്ത് അംഗീകരിച്ചിരിക്കുന്ന അടിസ്ഥാന നികുതി നിരക്ക് 100 ച.മീ.വരെയുള്ള വാണിജ്യകെട്ടിടങ്ങൾക്ക് 30 രൂപയും, 100 ച.മീ. കൂടുതലുള്ളവയ്ക്ക് 50 രൂപയുമാണ്. ഇത്തരത്തിൽ ഭാഗിക നിർമ്മാണത്തിന് നികുതി നിർണ്ണയിച്ച നൽകുമ്പോൾ, ഭാവിയിൽ മുഴുവൻ വിസ്തൃതിയുടെ നിർമ്മാണം പൂർത്തീകരിക്കുന്ന സമയം നികുതി പുനർനിർണ്ണയിക്കുമെന്ന വ്യവസ്ഥ ഉടമസ്ഥരെ അറിയിക്കുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| വിശദാംശങ്ങൾ | ഉദാഹരണം 1 | ഉദാഹരണം 2 |
|---|---|---|
| ഫയൽ നമ്പർ | 24,25,26/17-18 | 177,178,179,180/17-18 |
| ഉടമസ്ഥൻ, കെട്ടിട നമ്പർ | ശ്രീ.ബാബു,ചാലിൽ 15/70 എ, ബി, സി | ശ്രീ.ഹാദിൽ,മഠത്തിൽ 9/283 എ, ബി, സി, ഡി |
| നിർമ്മാണാനുമതി ലഭിച്ച വിസ്തൃതി | 152.72ച.മീ. | 186.5 ച.മീ. |
| ഉപയോഗതരം | വാണിജ്യാവശ്യം | വാണിജ്യാവശ്യം |
| പൂർത്തിയാക്കിയ നിർമ്മാണം | 84.68 ച.മീ. | 87.18 ച.മീ. |
| നിർണ്ണയിച്ച നികുതിയുടെ നിരക്ക് | 30 രൂപ | 30 രൂപ |
| മുഴുവനായി പൂർത്തീകരിച്ചെങ്കിൽ ബാധകമായ നികുതി നിരക്ക് | 50 രൂപ | 50 രൂപ |

ഇത്തരം വിഷയത്തിൽ പഞ്ചായത്ത് എപ്രകാരമാണ് നികുതി നിർണ്ണയം നടത്തുന്നതെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടതിന് നിലവിൽ ഇത്തരത്തിൽ പിന്നീട് നിർമ്മാണം നടത്തുന്നതു വഴി 100 ച.മീ.കൂടുതൽ വരുന്ന കെട്ടിടങ്ങൾക്ക് നികുതി പുന:നിർണ്ണയിക്കാറുണ്ടെന്നും, ഭാവിയിൽ ഇത്തരം കേസുകളിൽ ഉടമസ്ഥന്റെ കയ്യിൽ നിന്നും നികുതി പുന:നിർണ്ണയം സംബന്ധിച്ച് സത്യവാങ്മൂലം വാങ്ങിവയ്ക്കുമെന്നുമാണ്. ഇത്തരം കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം (പൂർത്തിയായതിനു ശേഷം) നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 2-5 നെൽവയൽ - തണ്ണീർതടത്തിൽ വ്യവസായത്തിന് അനുമതി നൽകിയത്

ഫയൽ നമ്പർ : 147/17-18 , എ3 4797/17

ഉടമസ്ഥൻ : ശ്രീ.അബ്ദുറസാക്ക്

കെട്ടിട നമ്പർ : 15/530 ബി

വിസ്തൃതി : 275.35 ച.മീ.

ഉപയോഗതരം : വ്യവസായം

അനധികൃതമായി നിർമ്മിച്ച കെട്ടിടം ക്രമവത്കരിച്ച് നമ്പർ ലഭിക്കുവാനുള്ളതാണ് മേൽ ഫയൽ. അപേക്ഷ പരിശോധിച്ച് കെട്ടിട നിർമ്മാണം ക്രമവത്കരിക്കുകയും, നമ്പർ അനുവദിച്ച് നികുതി നിർണ്ണയിക്കുകയും ചെയ്തു. എന്നാൽ ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

- വില്ലേജ് ഓഫീസിൽ നിന്നും ലഭിച്ച കൈവശാവകാശ സർട്ടിഫിക്കറ്റിൽ റീസർവ്വേ നമ്പർ 177/3A, 117/2 എന്നിവയിൽ ആകെ 10.4 + 40 സെന്റാണ് സ്ഥലത്തിന്റെ വിസ്തൃതി. ഇത് നഞ്ച ഗണത്തിൽ പെടുന്നതാണെന്ന് വില്ലേജ് ഓഫീസർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇത് വെട്ടികളഞ്ഞ (തിരുത്തിയ)രീതിയിലാണ്.
- ഈ സ്ഥലത്തിൽ റീസർവ്വേ 117/3A യിൽ പെടുന്ന 10.4 സെന്റ് 16.03.2012തിയ്യതിയിൽ പ്രസിദ്ധീകരിച്ച A2-7548/11 നമ്പർ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ട്(ആറുമാസം മുമ്പ് നികത്തിയതാണെന്ന റിമാർക്സോടെ പേജ് 11). ഉടമസ്ഥൻ സമർപ്പിച്ച പ്ലാനിലെ തലക്കെട്ടിൽ റീസർവ്വേ നമ്പർ 117/2 എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളൂ.
- എന്നാൽ സ്ഥലത്തിന്റെ വിസ്തൃതി 50.4 സെന്റ് എന്ന് രേഖപ്പെടുത്തിയാണ് എഫ്.എ.ആർ, കവറേജ് എന്നിവ കണക്കാക്കിയിരിക്കുന്നത്. ഈ പ്ലാനിലെ സ്ഥലവിസ്തൃതിയും പിന്നീട് പേന ഉപയോഗിച്ച് തിരുത്തി 40 സെന്റ് എന്നാക്കിയിട്ടുണ്ട്.
- അപേക്ഷ സാങ്കേതിക വിഭാഗം പരിശോധിച്ചതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. 27.6.2017തിയ്യതിയിൽ കെട്ടിടം ക്രമവത്കരിച്ചു നൽകിയിട്ടുണ്ട്.
- നമ്പർ അനുവദിക്കുന്നതിനായി സെക്രട്ടറി 26.7.2017 ന് എഴുതിയ കുറിപ്പിൽ റീസർവ്വേ 117/2 ൽ പെടുന്ന സ്ഥലത്തെ കുറിച്ച് മാത്രമാണ് പരാമർശിച്ചത്. ഈ ഭാഗം വർഷങ്ങൾക്കു മുമ്പ് നികത്തപ്പെട്ട ഭൂമിയാണെന്നും, ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെന്നും, ആയതിനാൽ നമ്പർ അനുവദിക്കാമെന്നും സെക്രട്ടറി കുറിപ്പെഴുതി. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭാഗത്തെ കുറിച്ച്

പരാമർശിക്കാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

- ഈ വിഷയം വയൽ കമ്മിറ്റി പരിഗണിച്ചതിന്റെ വിശദാംശങ്ങളൊന്നും ഫയലിലില്ല.

മേൽ വിവരിച്ച രീതിയിൽ ഫയൽ രേഖകളിൽ തിരുത്തലുകൾ വരുത്തിയ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതിനു വ്യക്തമായ മറുപടി നൽകിയിട്ടില്ല. കെട്ടിടം റീസർവ്വേ 117/2 ൽ പെട്ട 40 സെന്റ് സ്ഥലത്താണെന്നും, അതിനാലാണ് ക്രമവത്കരിച്ച നൽകിയതെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റിലും, പ്ലാനുകളിലും തിരുത്തൽ വരുത്തിയത് വിശദീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽ പെടുന്ന കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണത്തിന്റെ നടപടിയിൽ ഇത്തരത്തിലുള്ള അപാകതകളുണ്ടാകുന്നത് ആശാവഹമല്ല. വിഷയം ഭരണസമിതി വിശദമായി ചർച്ച ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 2-6 പൂർത്തീകരണ പ്ലാനുകളിൽ കൃത്യമായ പരിശോധന നടക്കുന്നില്ല

ഫയൽ നമ്പർ :186-189/2017-18

രണ്ടാം വാർഡിലെ ശ്രീമതി.കദീജ, നെല്ലിക്കുന്ന് എന്നവർ തന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ചതിനെ തുടർന്ന് നമ്പർ ലഭിക്കുന്നതിനായി മേൽ ഫയൽ പ്രകാരം അപേക്ഷിച്ചു. 3.3.2015 ലെ എ3-10016/14 നമ്പർ നിർമ്മാണാനുമതി പ്രകാരം 162.92 ച.മീ(താഴെ നില 74.11 ച.മീ., ഒന്നാം നില 88.81 ച.മീ.) വിസ്തൃതിയിലുള്ള കൊമേഴ്സ്യൽ കം റെസിഡെൻഷ്യൽ കെട്ടിടത്തിനാണ് അനുമതി ലഭിച്ചത്. ഉടമസ്ഥ സമർപ്പിച്ച ഭാഗിക പൂർത്തീകരണ പ്ലാൻ പ്രകാരം 81.95ച.മീ. വിസ്തൃതിയിൽ താഴെ നിലയുടെ മാത്രം നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നു. അപേക്ഷയിന്മേൽ പരിശോധന നടത്തിയ ഓവർസിയർ പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള നിർമ്മാണം നടത്തിയിട്ടുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തത്. എന്നാൽ നിർമ്മാണാനുമതിയിൽ നിന്നും വ്യത്യസ്തമായ വിസ്തൃതിയിലുള്ള താഴെ നിലയുടെ നിർമ്മാണം സംബന്ധിച്ചോ, ഉപയോഗക്രമത്തിലെ വ്യത്യാസം സംബന്ധിച്ചോ(കൊമേഴ്സ്യൽ കം റെസിഡെൻഷ്യൽ എന്ന ഉപയോഗക്രമം മാറ്റി മുഴുവൻ വിസ്തൃതിയും കൊമേഴ്സ്യൽ ആയാണ് നിർമ്മാണം നടത്തിയിട്ടുള്ളത്)യാതൊരു പരാമർശവും നടത്തിയിട്ടില്ല. മേൽ റിപ്പോർട്ട് പ്രകാരം നമ്പർ അനുവദിച്ച് നികുതി നിർണ്ണയിച്ചു നൽകി. എന്നാൽ നിർമ്മാണാനുമതിയിൽ നിന്ന് വ്യത്യസ്തമായ നിർമ്മാണം ക്രമവത്കരിക്കുകയോ, ഇതിനായി പ്രത്യേക ഫീസ് ഈടാക്കുകയോ ചെയ്തിട്ടില്ല.

നിർമ്മാണാനുമതി ലഭിച്ച് നിർമ്മാണം പൂർത്തീകരിച്ച് നമ്പർ

ലഭിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ കൃത്യമായ പരിശോധയില്ലാതെ മേൽ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി പഞ്ചായത്തിലെ സാങ്കേതിക വിഭാഗത്തിന് ഇതു സംബന്ധിച്ച് നിർദ്ദേശം നൽകുമെന്നും, ശ്രീമതി കദീജയുടെ വിഷയത്തിൽ കൂടുതൽ പരിശോധന നടത്തി വിവരം ഓഡിറ്റിനെ അറിയിക്കുമെന്നുമാണ്. പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ഭരണസമിതിയുടെ സത്വര ശ്രദ്ധ മേൽ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. വിശദമായ മറുപടി പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - അപാകതകൾ

പദ്ധതി നം. 232, മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണം – വെറ്ററിനറി സർജ്ജൻ

അടങ്കൽ - 95,000/- രൂപ (മെയിന്റനൻസ് ഫണ്ട്)

ചെലവ് - 95,000/- രൂപ

ബിൽ നം - 3/17-18 തീയതി 26-3-18

മേൽ പ്രോജക്ടിൽ മരുന്ന് വാങ്ങിയിട്ടുള്ളത് മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് മാത്രമല്ല 95,000/- രൂപ മുടക്കി വാങ്ങിയ മരുന്നുകൾ സ്റ്റോക്കിൽ രേഖപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഏൻക്വയറിക്ക് (2/ 23-2-2019) മറുപടി ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമായതിന്റെ രേഖയുടെ അഭാവത്തിൽ ആയതിനാൽ ഈയിനത്തിലുള്ള 95,000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസപ്പെടുത്തുന്നു.

## 3-2 കരാർ വ്യവസ്ഥകൾ പാലിക്കാതെ ഇരുവഴിഞ്ഞി തീർത്ഥം കുടിവെള്ള ഉൽപ്പാദന വിതരണ പദ്ധതി ആരംഭിച്ചു

പദ്ധതി - ഇരുവഴിഞ്ഞി തീർത്ഥം കുടിവെള്ള ഉൽപാദന വിതരണ പദ്ധതി, (398)

നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 2550000 (വികസനഫണ്ട്. 1000000, ഗുണഭോക്തൃ വിഹിതം. 1550000 )

ചെലവ്- 878500 (വികസന ഫണ്ട് 878500 )

ബിൽ നം. -28/26-3-18, 878500 )

കുടിവെള്ള ഉൽപ്പാദന വിതരണ പദ്ധതിയുടെ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ

കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. പദ്ധതി നടത്തിപ്പുകാരായ കുടുംബശ്രീയിലെ അഞ്ച് വനിതാ അംഗങ്ങളും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിൽ 2018 മാർച്ച് മാസം 20 ന് ഒപ്പിട്ട കരാർ പ്രകാരം 20 ലിറ്റർ വെള്ളം നിറച്ച ഒരു കാനിന് 20 രൂപ വില കണക്കാക്കിയത് താഴെ പറയും പ്രകാരമാണ്

(a) ഉൽപാദന ചെലവ് 8 രൂപ

(b) ലോൺ തിരിച്ചടവ് 2 രൂ

(C) വിതരണ ചെലവ് 4 രൂ

(d) ലാഭ വിഹിതം 6 രൂ

എന്നാൽ നിലവിൽ 30 രൂപയ്ക്കാണ് ഒരു കാൻ വെള്ളം വിറ്റുകൊണ്ടിരിക്കുന്നത് എന്നാണ് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞത്. നിരക്ക് വർദ്ധിപ്പിച്ചപ്പോൾ പഞ്ചായത്തിൽ നിന്നും രേഖാമൂലമുള്ള അനുമതി വാങ്ങിച്ചിട്ടില്ല. കരാർ വ്യവസ്ഥകൾ പുതുക്കാതെ ഉയർന്ന വിലക്ക് വിൽപ്പന നടത്തുന്ന നടപടി അംഗീകരിക്കാനാവില്ല. വില വർദ്ധിപ്പിച്ചതിലൂടെ ഉണ്ടായ അധിക വരുമാനം ഏങ്ങനെ ചെലവഴിച്ചു എന്ന് വ്യക്തമാക്കേണ്ടതാണ്

2. പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് ജല ലഭ്യത, പാരിസ്ഥിതിക ആഘാതം തുടങ്ങിയവ പരിശോധിക്കുന്നതിനായി CWRDM ന് അയച്ച കത്തിന്റെ (A2-2443/18) മറുപടി പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല

3. താഴെ പറയുന്ന സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

(a) D& O ലൈസൻസ്

(b) CWRDM സാക്ഷ്യപത്രം

(C)മോട്ടോർ സ്ഥാപിക്കുന്നതിനുള്ള ഇൻസ്റ്റലേഷൻ പെർമിറ്റ്

(d) ഫുഡ് ആന്റ് സേഫ്റ്റി ലൈസൻസ്

(e) മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം

4. 2017-18 വർഷത്തെ വിവിധ മാസങ്ങളിലെ വരവ് ചെലവ് സ്റ്റേറ്റ്മെന്റുകൾ,റജിസ്റ്ററുകൾ

മേൽ രേഖകൾ ഹാജരാക്കാനും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/13-2-2019) മറുപടി ലഭിച്ചിട്ടില്ല. അഞ്ച് കുടുംബശ്രീ വനിതകൾക്ക് നേരിട്ട് ജോലി നൽകുന്നതും, ഓപ്പൺ മാർക്കറ്റിൽ 80 രൂപ വിലയുള്ള ഒരു കാർ വെള്ളം 30 രൂപയ്ക്ക് നൽകാൻ കഴിയുന്നതും ഈ പദ്ധതിയുടെ പോസിറ്റീവ് വശങ്ങളാണ്. എന്നാൽ കരാർ വ്യവസ്ഥകൾ ലംഘിച്ചതും, ആവശ്യമായ ലൈസൻസുകൾ ഇല്ലാതെ പ്രവർത്തനം തുടങ്ങിയതും പോരായ്മകളാണ്. ഈ അപാകതകൾ സത്വരമായി പരിഹരിക്കാൻ ഭരണതലത്തിൽ നടപടികൾ കൈകൊള്ളേണ്ടതും അപാകത പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതുമാണ്.

## 3-3 മൊബൈൽ സൂപ്പർ മാർക്കറ്റ്, റെഡിമെയ്ഡ്, സോപ്പ്

## നിർമ്മാണ യൂണിറ്റുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

ബിൽ നം.39/17-18 – 300000 (മൊബേൽ സൂപ്പർ മാർക്കറ്റ്)

ബിൽ നം.41/17-18 – 125000 (റെഡിമെയ്ഡ് യൂണിറ്റ്)

ബിൽ നം.40/17-18 – 125000 (സോപ്പ് നിർമ്മാണ യൂണിറ്റ്)

2017-18 വർഷം കാരശ്ശേരി ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളായ മൊബൈൽ സൂപ്പർമാർക്കറ്റ് (217), റെഡിമെയ്ഡ് യൂണിറ്റ് (218), സോപ്പ് നിർമ്മാണ യൂണിറ്റ് (219) എന്നീ പദ്ധതികളുടെ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

1.ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ വനിതകളുടെ ഗ്രൂപ്പുകൾക്ക് മൊബൈൽ സൂപ്പർമാർക്കറ്റ്, റെഡിമെയ്ഡ്, സോപ്പ് നിർമാണ യൂണിറ്റുകൾ തുടങ്ങാൻ സാമ്പത്തീക സഹായം നൽകുകയും ടി സംരഭങ്ങൾ വിജയകരമായി നടത്തിവരുകയും ചെയ്യുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നുള്ള D&O ലൈസൻസ് വാങ്ങാതെയാണ് മൂന്ന് യൂണിറ്റുകളും നിലവിൽ പ്രവർത്തിച്ചു വരുന്നത്.

2.പദ്ധതി മാർഗ്ഗരേഖ പ്രകാരം സ്ത്രീകളുടെ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് സബ്സിഡി നൽകുന്നതിന് ജനറൽ വിഭാഗത്തിന് ഒരു ലക്ഷം രൂപയും പട്ടികജാതി വിഭാഗങ്ങൾക്ക് രണ്ട് ലക്ഷം രൂപയുമാണ് വരുമാന പരിധി. റവന്യൂ അധികാരിയുടെ വരുമാന സർട്ടിഫിക്കറ്റ് ലഭ്യമല്ലെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ സ്വയം സാക്ഷ്യപ്പെടുത്തിയാൽ മതിയാകും . എന്നാൽ ടി സാക്ഷ്യപത്രം ഫയലിൽ ഇല്ല

മേൽ അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് ഏൻക്വയറിക്ക് (13/23-2-19) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 3-4 ആട് ഗ്രാമം പദ്ധതി നടത്തിപ്പിലെ അപാകതകൾ

പദ്ധതി നം. 234 , ആട് ഗ്രാമം

അടങ്കൽ. 1728000 (വികസന ഫണ്ട്. 864000, മറ്റുള്ളവ. 864000 )

ചെലവ്. 648000 (വികസനഫണ്ട്. 648000 )

ബിൽ നം. 11/17-18, 31-3-18, 300000, 12/17 -18, 31-3-18, 270000, 13/17- 18, 31-3-18, 78000.

വെറ്റിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയുടെ

ലഭ്യമാക്കിയ രേഖകൾ പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. പദ്ധതിയുടെ ഗ്രാമസഭയും, പഞ്ചായത്തും അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റും, അപേക്ഷകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.മൊത്തം 648000 രൂപ ചെലവഴിച്ച പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾക്ക് ആടിനെ ലഭിച്ച എന്ന് വ്യക്തമാക്കുന്ന വിതരണ രേഖ ഹാജരാക്കിയില്ല.

3. ബ്രഹ്മഗിരി ഫാൻമേഴ്സ് സൊസൈറ്റിയിൽ നിന്നും 50 ആടുകളെ വാങ്ങാൻ മൂന്ന് ലക്ഷം രൂപ നൽകി എന്നാൽ നാളിതുവരെ 36 എണ്ണം ആടുകളെ മാത്രമെ വിതരണം ചെയ്തിട്ടുള്ളു എന്നാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വ്യക്തമാക്കിയത്. പതിനാല് ആടുകളെ ഇതുവരെയും ലഭിച്ചില്ല. മുഴുവൻ ആടുകളെ ലഭിക്കുന്നതിന് മുമ്പ് മുഴുവൻ തുക നൽകിയ നടപടി അംഗീകരിക്കാനാവില്ല.

4. ബ്രഹ്മഗിരി ഫാർമേഴ്സ് സൊസൈറ്റിയിൽ നിന്ന് ആടുകളെ നേരിട്ട് വാങ്ങുന്നതിന് സർക്കാർ അനുമതിയുണ്ടെങ്കിൽ, ആയതിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

5. ബന്ധപ്പെട്ട ഫയലിൽ കരാർ എഴുതി സമർപ്പിച്ച പത്ത് അപേക്ഷകളിൽ ആടിനെ ലഭിച്ചിട്ടില്ല എന്ന് കുറിപ്പ് എഴുതി വെച്ചിട്ടുണ്ട്.

6. നേരിട്ട് ആടിനെ വാങ്ങിയ 58 പേരിൽ 51 പേരുടെ എഗ്രിമെന്റ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

7. മുദ്രപത്രത്തിൽ ഒപ്പിട്ട് വാങ്ങി വെച്ചതല്ലാതെ കരാർ വ്യവസ്ഥകൾ എഴുതിചേർത്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/23-2-19) മറുപടി ലഭിച്ചില്ല. മോണിറ്ററിംഗ് സമിതി 'പദ്ധതി' വിശദമായി പരിശോധിച്ച് റിപ്പോർട്ട് ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ ഒഴിവാക്കുന്നിതിലേക്കുള്ള രേഖകൾ സഹിതം വിശദമായ മറുപടി ഹാജരാക്കേണ്ടതാണ്. ഈയിനത്തിലുള്ള 648000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 മുട്ടക്കോഴി വളർത്തൽ പദ്ധതിയിലെ അപാകതകൾ

A . പദ്ധതി നം. മുട്ടക്കോഴി വളർത്തൽ വനിത,SC

നിർവ്വഹണം. വെറ്റിനറി സർജൻ

അടങ്കൽ. 162000 ( വികസന ഫണ്ട് 121500, മറ്റുള്ളവ. 40500 )

ചെലവ്. 162000 (വികസന ഫണ്ട് 121500 , മറ്റുള്ളവ. 40500 )

ബിൽ. നം. 7/17-18, 31/3/18, വികസനഫണ്ട് 121500

ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

1. പട്ടികജാതി വനിതകൾക്ക് വിതരണം ചെയ്യുന്നതിനായി മൊത്തം 1620 കോഴികൾ വാങ്ങി. എന്നാൽ കോഴികളെ വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2. ഗുണഭോക്തൃ വിഹിതമായി ലഭിച്ച 40500 രൂപ നിധിലം എഗ്ഗർ നഴ്സറിക്ക് നൽകിയത്

സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയില്ല

3. മുട്ടക്കോഴികൾ വിതരണം ചെയ്തതിന് പ്രതിഫലമായി ബിൽ നമ്പർ 95 തിയ്യതി 28/3/18 പ്രകാരം 162000 രൂപ നിധിലം നഴ്സറിക്ക് നൽകി. എന്നാൽ GST പ്രകാരമുള്ള ബിൽ സ്ഥാപനം സമർപ്പിച്ചിട്ടില്ല. സ്ഥാപനത്തിന് ജി.എസ്.ടി ബാധകമല്ലങ്കിൽ, ആയത് വ്യക്തമാക്കുന്ന സത്യവാങ്ങ്മൂലം സ്ഥാപനത്തിൽ നിന്ന് വാങ്ങി സൂക്ഷിച്ചിട്ടില്ല. 162000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

B. പദ്ധതി നം.354 , മുട്ടക്കോഴി വളർത്തൽ ജനറൽ വനിത.

അടങ്കൽ. 324000 (വികസന ഫണ്ട്. 162000, മറ്റുള്ളവ. 162000)

ചെലവ്. 312000 (വികസന ഫണ്ട്. 156000, മറ്റുള്ളവ. 156000 )

ബിൽ നം. 2 /17-18, 24-3-18 , 156000 വികസന ഫണ്ട്.

പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ കണ്ടത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

1.പദ്ധതി പ്രകാരം മൊത്തം 2766 കോഴികൾ വാങ്ങിയതായി കാണുന്നുവെങ്കിലും വിതരണ രേഖകൾ ഹാജരാക്കിയില്ല.

2.വികസന ഫണ്ടിൽ നിന്നും ആകെ ചെലവഴിച്ച 156000 രൂപയുടെ 35400 രൂപ ചെലവ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

മേൽ വ്യക്തമാക്കിയ രണ്ട് പദ്ധതികളിലെയും അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് ഏൻക്വയറിക്ക് ( 16/23-2-19 ) മറുപടി ലഭിച്ചില്ല. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതാണ്. 312000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-6 ക്ഷീരഗ്രാമം പദ്ധതിയിലെ അപാകതകൾ

പദ്ധതി നം. ക്ഷീരഗ്രാമം (324)

അടങ്കൽ . 900000 (വികസന ഫണ്ട് . 270000, ജില്ല . 180000, മറ്റുള്ളവ 450000 )

ചെലവ്. 270000 (വികസന ഫണ്ട് മാത്രം)

നിർവ്വഹണം. വെറ്റിനറി സർജൻ

ബിൽ നം. 5/17-18, 24-3-18 250000, 4/17-18, 20000

മേൽ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

1. ആനുകൂല്യം വിതരണം ചെയ്യുന്നതിന് ഗ്രാമസഭയും, പഞ്ചായത്തും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ്, അപേക്ഷ എന്നിവ ഹാജരാക്കിയിട്ടില്ല

2. കറവപ്പശുവിനെ ലഭിച്ച ഗുണഭോക്താക്കൾ സ്റ്റാമ്പ് പേപ്പർ സമർപ്പിച്ചിട്ടുണ്ട് എങ്കിലും വ്യവസ്ഥകൾ ഉൾപ്പെടുത്തുകയോ ഒപ്പിടുകയോ ചെയ്തിട്ടില്ല.

3. കറവപ്പശുക്കളെ വാങ്ങുന്നത് കർഷക സമിതികൾ മുഖേനയാകണം എന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സമിതി രൂപീകരിച്ചതിന്റെയോ, മേൽനോട്ടം വഹിച്ചതിന്റെയോ രേഖകൾ ഒന്നും സമർപ്പിച്ചിട്ടില്ല

4. ഗുണഭോക്താക്കളുടെ വരുമാനം സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല

മേൽ വ്യക്തമാക്കിയ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് ഏൽക്വയറിക്ക് (നം 15/23-2-19) മറുപടി ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ 2,70,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാകരാക്കേണ്ടതാണ്.

## 3-7 സണ്ണിപ്പടി തൊമ്മൻ കട റോഡ് - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ എസ്.ഒ 192/18(സ്പിൽ ഓവർ)

ചെലവ് തുക 300000 /-(87000/-ലോകബാങ്ക് സഹായം , ബിൽ നമ്പർ -89/17-18/30.01.2018,

2,13,000/-മെയിന്റനൻസ് ഗ്രാന്റ് റോഡ്,ബിൽ നമ്പർ 90/17-18/30.01.2018)

കരാറുകാരൻ ശ്രീ. കെ.അയൂബ്

കരാർ നമ്പർ AE/120/2016-17/09.03.2017

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാല താമസം വന്നതിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല.

28.02.2018 ലെ റിടെണ്ടറിൽ 68/01.03.2017 തീരുമാന പ്രകാരം കരാറുകാരന് 09.03.2017 ന് കരാർ വെച്ച് പ്രവൃത്തി ചുമതലപ്പെടുത്തിയെങ്കിലും പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കേണ്ട സമയം സംബന്ധിച്ച് പ്രോജക്ടിലോ കരാറിലോ ചേർത്തിട്ടില്ല. പ്രൊജക്ട് കലണ്ടർ കരാറിനോടൊപ്പം ലഭ്യമല്ല. പ്രവൃത്തി പൂർത്തിയാക്കിയത് എന്നാണെന്ന് അളവ് പുസ്തകത്തിൽ എവിടെയും രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി 30.09.2017 നകം പൂർത്തിയാക്കണമെന്ന് 18.09.2017 ന് അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരന് കത്തെഴുതിയിട്ടുണ്ട്. പ്രവൃത്തി ആരംഭിക്കാത്തതിന് നടപടി സ്വീകരിക്കുമെന്ന് 19.09.2017 ൽ അസിസ്റ്റന്റ് എഞ്ചിനീയർ കരാറുകാരനെ അറിയിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കുന്നതിലെ കാല താമസത്തിന് കാരണം ഫയലിൽ വ്യക്തമല്ല. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ.(പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി കാലാവധി ദീർഘിപ്പിച്ചു നൽകാം. ഒറിജിനൽ പൂർത്തീകരണ

കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തിയിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാരനെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകുകയായിരുന്നു. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2) പ്രവൃത്തിയ്ക്ക് എം.ബുക്ക് ഉപയോഗിച്ചതിലെ അപാകതകൾ

ഈ പ്രവൃത്തിയ്ക്ക് 368/17 എന്ന നമ്പറിലുള്ള 2 അളവു പുസ്തകങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഒന്നാമത്തെ അളവു പുസ്തകത്തിൽ അളവുകൾ രേഖപ്പെടുത്തുകയും ചില പേജുകൾ വെട്ടികളയുകയും ചെയ്തിട്ടുണ്ട്. അളവു പുസ്തകം ക്യാൻസൽ ചെയ്തിട്ടില്ല. പെയ്മെന്റ് നടത്തിയ രണ്ടാമത്തെ അളവ് പുസ്തകത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ അളവ് എടുത്തിട്ടുള്ളത് എവിടെയും തിയ്യതി രേഖപ്പെടുത്താതെയാണ്. കൂടാതെ അളവു പുസ്തകത്തിൽ മെമ്മോ ഓഫ് പെയ്മെന്റ് എഴുതാതെയാണ് ഫൈനൽ ബിൽ അനുവദിച്ചിട്ടുള്ളത്.

3) പ്രവൃത്തി അളവുകൾ ചെക്ക് മെഷർ ചെയ്യാതെ ബിൽ തുക അനുവദിച്ചു

അളവു പുസ്തകത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ എടുത്തിട്ടുള്ള അളവുകൾ മേൽ ഉദ്യോഗസ്ഥരാരും ചെക്ക് മെഷർ ചെയ്തിട്ടില്ല. ചെക്ക് മെഷർ ചെയ്യാതെ ബിൽ തുക അനുവദിച്ച നടപടി അംഗീകരിക്കാനാവില്ല.

4) പ്രവൃർത്തി അളവുകൾ കരാറുകാരൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അളവു പുസ്തകത്തിൽ എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകൾ സമ്മതിയ്ക്കുന്നതായി കരാറുകാരൻ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഈ പ്രവൃത്തി അളവു പുസ്തകത്തിൽ അപ്രകാരമുള്ള സാക്ഷ്യപ്പെടുത്തലുകൾ ഇല്ല.

5) പ്രവൃത്തി കരാറെടുക്കുന്നതിന് കരാറുകാരന് അയച്ച സെലക്ഷൻ നോട്ടീസിൽ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തി ആരംഭിയ്ക്കുന്നതിനായി സ്ഥലം കരാറുകാരന് കൈമാറുന്നത് സംബന്ധിച്ച് രേഖകളൊന്നും പ്രവൃത്തി ഫയലിൽ ഇല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ച തുക 3,00,000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## **3-8** പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ പദ്ധതിയിലെ അപാകതകൾ.

A.പദ്ധതി നം-336, ഗോത്രജ്യോതി

നിർവ്വഹണം-അസിസ്റ്റന്റ് സെക്രട്ടറി.
അടങ്കൽ- 540000 (വികസന ഫണ്ട്. 54000 )
ചെലവ്- 307947
ബിൽ നം-18/ 21-3-18-166800. 29/27 -3 - 18- 44000. 34 /31 -3-18/ 97147

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ഗോത്രജ്യോതി പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു

1. ഈ പദ്ധതിയുടെ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. ആറ് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പുകൾ നൽകിയതിൽ, വിബിഷ എന്ന വിദ്യാർത്ഥിയുടെ കൈപ്പറ്റ് ഹാജരാക്കിയിട്ടില്ല.

2. അരുൺ കെ.സി എന്ന MBBS വിദ്യാർത്ഥിക്ക് ലാപ്പ്ടോപ്പ് അനുവദിക്കുന്നതിന് മുൻമ്പ്, കുട്ടി പഠിക്കുന്ന സ്ഥാപനം സ്ഥിതി ചെയ്യുന്ന പട്ടിക വർഗ്ഗ വികസന ഓഫീസിൽ നിന്നും ലാപ്പ്ടോപ്പ് കൈപ്പറ്റിയില്ല എന്ന സാക്ഷ്യപത്രം വാങ്ങണമെന്ന് 5-7-18 ലെ ഇ 4170 / 17 നമ്പർ കത്ത് പ്രകാരം കോഴിക്കോട് പട്ടിക വർഗ്ഗ വികസന ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി നിർദ്ദേശം പാലിച്ച കാണുന്നില്ല.

B. പദ്ധതി നം. 329, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ്

നിർവ്വഹണം. അസിസ്റ്റന്റ് സെക്രട്ടറി
അടങ്കൽ. 361400 (വികസന ഫണ്ട് 361400 )
ചെലവ്. 361400
ബിൽ നം. 23/22-3 -18, 361400.

പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1.മൊത്തം 13 പേർക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്തു എന്നാൽ പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ഈ ആനുകൂല്യം മുമ്പ് ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2.പദ്ധതി പ്രകാരം ലാപ്പ് ടോപ്പ് ലഭിച്ച അനുഷ എന്ന വിദ്യാർത്ഥി NIELIT യൽ CHM 'O ലവൽ കോഴ്സ് പഠിക്കുന്ന സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. ടി കോഴ്സ്, സർട്ടിഫിക്കറ്റ് കോഴ്സാണ് എന്ന് സ്ഥാപനത്തിൽ ഓഡിറ്റ് നേരിട്ട് അന്വേഷിച്ചതിൽ വ്യക്തമായി. സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 11.8 പ്രകാരം സർട്ടിഫിക്കറ്റ് കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പിന് അർഹതയില്ല.

മേൽ വ്യക്തമാക്കിയ രണ്ട് പദ്ധതികളിലെയും അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഏൻക്വയറിക്ക് (30/23-2-19) മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. പ്രൊജക്റ്റ് നമ്പർ 329 ലെ 361400 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു

## 3-9 വൃദ്ധർക്ക് കട്ടിൽ - വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല

| പ്രോജക്റ്റിന്റെ പേര് | നമ്പർ | അടങ്കൽ തുക | ചെലവ് തുക |
|---|---|---|---|
| വൃദ്ധർക്ക് കട്ടിൽ | so360/18 | 200000 (വികസന ഫണ്ട്) | 199700 ( ബിൽ നമ്പർ- 11/17-18 തീയതി 21.3.18) |
| വൃദ്ധർക്ക് കട്ടിൽ (എസ്.സി) | so361/18 | 200000 (എസ്.സി.പി) | 199700 (ബിൽ നമ്പർ- 10/17-18 തീയതി 21.3.18) |

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ വിതരണം (ജനറൽ), വൃദ്ധർക്ക് കട്ടിൽ വിതരണം (എസ്.സി) എന്നീ രണ്ട് പ്രോജക്റ്റുകളിൽ 50 കട്ടിലുകൾ വീതം ആകെ 100 കട്ടിലുകൾ വാങ്ങുന്നതിനായി കെ.പി.എന്റർപ്രൈസസ്, നടുവട്ടം എന്ന സ്ഥാപനത്തിന് 199700 രൂപ വീതം ആകെ 3,99,400/- രൂപ നൽകിട്ടുണ്ട്.

എന്നാൽ പ്രോജക്റ്റ് പ്രകാരം വാങ്ങിയ 100 (50+50) കട്ടിലുകൾ വിതരണം ചെയ്തതിന്റെയും ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ കട്ടിലിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പു വരുത്തിയതായും കാണുന്നില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.34/17-18 തീയതി 23.2.19 ) മറുപടി ലഭ്യമാക്കിയിട്ടില്ല.
കട്ടിലുകൾ ലഭിച്ചതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകളുടെ അഭാവത്തിൽ ഈയിനത്തിലുള്ള 3,99,400/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 പൊതു മരാമത്ത് പ്രവൃത്തികൾ സമയബന്ധതമായി പ്രവർത്തി പൂർത്തീകരിയ്ക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ട് നഷ്ടമാകുന്നു.

പഞ്ചായത്ത് 2016-17 വർഷത്തിൽ നടപ്പിലാക്കാനായി അംഗീകാരം വാങ്ങിയിട്ടുള്ള ചില പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതിനാൽ 2016-17 ൽ ഇതിനായി ലഭിച്ച ഫണ്ട് ചെലവഴിയ്ക്കാതെ പാഴായി പോയ അവസ്ഥ ഉണ്ടായി. മാത്രമല്ല

2017-18 മേൽ പ്രവൃത്തികൾ സ്പിൽ ഓവർ പദ്ധതികളായി അംഗീകരിച്ച് പൂർത്തീകരിച്ച് ബിൽ തുക നൽകിയതിനാൽ 2017-18 വർഷത്തിൽ നടപ്പിലാക്കേണ്ടിയിരുന്ന പല പ്രവൃത്തികൾക്കും തുക വകയിരുത്താനായില്ല. ഓഡിറ്റ് വർഷം അംഗീകാരം വാങ്ങിയ ആകെ 257 പൊതുമരാമത്ത് പദ്ധതികളിൽ 171 എണ്ണവും സ്പിൽ ഓവർ പ്രവൃത്തികളാണ്. ഇതിൽ 60 സ്പിൽ ഓവർ പ്രവൃത്തികൾ 2017-18 വർഷത്തിലും പൂർത്തിയാക്കിയിട്ടില്ല. ജി.ഒ.(എം.എസ്) നമ്പർ 72/17 തി. 29.3.17 ഖണ്ഡിക 6.8 പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. 60 സ്പിൽ ഓവർ പ്രവൃത്തികൾക്ക് 2017-18 വർഷത്തിലും തുക ചെലവഴിക്കപ്പെടാത്തതിനാൽ തുടർ സാമ്പത്തിക വർഷത്തിൽ ഈ പ്രൊജക്ടുകൾക്കായി തുക വകയിരുത്താൻ കഴിയാത്ത അവസ്ഥയാണുള്ളത്. സ്പിൽ ഓവർ പ്രവൃത്തികൾക്കായി 2017-18 വർഷം ചെലവഴിച്ച വിവിധ സർക്കാർ ഗ്രാന്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | സ്പിൽ ഓവർ പ്രവൃത്തികൾക്ക് ചെലവഴിച്ച തുക |
|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 1,26,51,047 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 11,75,203 |
| വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് | 19,11,412 |
| ലോകബാങ്ക് സഹായം | 18,60,985 |
| വികസന ഫണ്ട് എസ്.സി.പി | 3,04,485 |
| വികസന ഫണ്ട് ജനറൽ | 4,21,171 |
| ആകെ | 1,83,24,303 |

തൻവർഷം ലഭിച്ച ഗ്രാന്റ് തുകയിൽ 18324303 രൂപ സ്പിൽ ഓവർ പദ്ധതികൾക്ക് മാത്രമായി ചെലവഴിച്ച എന്നത് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷത്തെ പ്രവർത്തന/നിർവഹണ/ മോണിറ്ററിംഗിലെ പോരായ്മയാണ് എടുത്ത് കാണിക്കുന്നത്. ഇത്രയും വലിയ തുക തൻവർഷം ഗ്രാന്റിൽ നിന്നും നീക്കി വെയ്ക്കുമ്പോൾ തൻവർഷത്തെ പദ്ധതികൾക്ക് ഫണ്ട് തികയാതെ വരുന്നതിനാൽ പ്രവർത്തന മകവിന് തടസ്സമാകുന്ന എന്ന വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ ഒഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ട് നിർവഹണം കാര്യക്ഷമമായിരുന്നിട്ടും മരാമത്ത് പ്രവർത്തികൾ പൂർത്തീകരിക്കപ്പെടാത്തതിനാൽ സർക്കാരിൽ നിന്നും വിവിധ ഫണ്ടിനങ്ങളിൽ ലഭിച്ച നല്ലൊരു ശതമാനം തുക സർക്കാരിലേക്ക് തന്നെ തിരികെ പോയിരിക്കയാണ്. വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് ഇനങ്ങളിലായി സാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക മുഴുവൻ ചെലവഴിയ്ക്കാതിരുന്നതാണ് മേൽ വീഴ്ചയ്ക്ക് കാരണം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് | ചെലവ്ശതമാനം | നഷ്ടമായ തുക | നടപ്പിലാക്കാത്ത പദ്ധതികളുടെ എണ്ണം |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 4,23,67,843 | 1,58,24,083 | 37 | 2,65,43,760 | 68 |
| മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 34,32,130 | 11,75,203 | 34 | 22,56,927 | 15 |
| വികസന ഫണ്ട് ധനകാര്യ കമ്മീഷൻ അവാർഡ് | 73,76,434 | 24,18,364 | 33 | 49,58,070 | 19 |
| വികസന ഫണ്ട് എസ്.സി.പി | 3,50,000 | 3,04,485 | 87 | 45,515 | 0 |
| വികസന ഫണ്ട് ടി.എസ്..പി | 22,63,000 | 47,786 | 2.1 | 22,15,214 | 4 |
| വികസന ഫണ്ട് ജനറൽ | 14,50,055 | 4,21,171 | 29 | 10,28,884 | 6 |

| | | | | | |
|---|---|---|---|---|---|
| ആകെ | 5,72,39,462 | 2,01,91,092 | 35 | 3,70,48,370 | |

5,72,39,462 രൂപ വകയിരുത്തിയതിൽ 2,01,91,092 രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടിരിക്കുന്നത്. (അതിൽ തന്നെ 18324303 രൂപ സ്പിൽ ഓവർ പദ്ധതികൾക്കാണ താനും) വകയിരുത്തിയ തുക ചെലവഴിക്കപ്പെടാത്തതിനാൽ 3,70,48,370രൂപ മേൽ ഇനങ്ങളിലായി സാമ്പത്തിക വർഷത്തിൽ സർക്കാരിലേക്ക് തിരികെ പോയിട്ടുണ്ട്.

തൻ വർഷം 86 പുതിയ പ്രൊജക്ടുകൾ തയ്യാറാക്കിയതിൽ 72 പ്രവർത്തികളിൽ മാത്രമാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത് . കരാറിൽ ഏർപ്പെടാത്ത ബാക്കി 14 പ്രവർത്തികൾ അടുത്ത വർഷം സ്പിൽ ഓവർ ആയി നിർവഹണം നടത്താൻ സാധിയ്ക്കാതെ ഉപേക്ഷിയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. കരാറുകാരെ ഏൽപ്പിച്ച 72 പ്രവർത്തികളിൽ 48 എണ്ണം മാർച്ച് മാസത്തിൽ മാത്രമാണ് പ്രവൃത്തിയ്ക്കായി കരാറുകാരെ ഏൽപ്പിച്ചിട്ടുള്ളത്. പ്രവർത്തികൾ വളരെ താമസിച്ച് സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ മാത്രം തുടങ്ങുന്നതാണ് ഫണ്ടുകൾ ചെലവഴിയ്ക്കാതെ പാഴാകുന്നതിന് പ്രധാന കാരണം.

വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള തീരുമാനങ്ങൾ എടുക്കുന്നുണ്ടെങ്കിലും പൊതുമരാമത്ത് വിഭാഗം വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറായിട്ടുള്ള പൊതുമരാമത്ത് വർക്കിങ്ങ് ഗ്രൂപ്പ് പദ്ധതി രൂപീകരണം മുതൽ പദ്ധതി നിർവ്വഹണത്തിന്റെ മോണിറ്ററിങ്ങ് വരെ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തനമൊന്നും വർക്കിങ്ങ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നുമുണ്ടായിട്ടില്ല. വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 07.04.2017, 18.05.2017, 5.01.2018, എന്നീ തിയ്യതികളിൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ ഒന്നും എടുത്തിട്ടില്ല. തുടർ വർഷങ്ങളിൽ മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-11** ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ആവശ്യമായ തുക വകയിരുത്തിയില്ല

പദ്ധതി നം. 52, ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
നിർവ്വഹണം. ICDS സൂപ്പർവൈസർ
അടങ്കൽ. 1500000 ( വികസന ഫണ്ട്. 1175000, ബ്ലോക്ക് 325000 )
ചെലവ്. 1496650 ( വികസന ഫണ്ട്. 1171650, ബ്ലോക്ക് . 325000 )
ബിൽ നം. 14/17-18, 29 - 1 - 18 , 17/17-18, 21-3-18

പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകൽ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത താഴെ കൊടുക്കുന്നു 3-4-17 ലെ സർക്കാർ ഉത്തരവ് (എം. എസ്) നമ്പർ 80/17 തസ്വഭവ, ഖണ്ഡിക 10.3 പ്രകാരം മാനസീക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത, വസ്ത്രം, ഉല്ലാസയാത്ര ഇനങ്ങളിലായി മൊത്തം 28500 രൂപ പ്രതിവർഷം അനുവദിക്കാവുന്നതാണ്. എന്നാൽ കാരശ്ശേരി പഞ്ചായത്തിൽ 17-18 വർഷം 24500 രൂപ നിരക്കിൽ മാത്രമെ വിതരണം ചെയ്തിട്ടുള്ളു.

പദ്ധതിയിർ ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയതായി കാണുന്നില്ല. പതിനഞ്ച് ലക്ഷം രൂപ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി വകയിരുത്തിയതിൽ 1496650 രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന എല്ലാ അർഹതപ്പെട്ട കുട്ടികൾക്കും സ്കോളർഷിപ്പും, യാത്രാബത്തയും പ്രതിമാസം നൽകുന്നതിനൊടൊപ്പം 28500 രൂപ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നതിന് തുക ഭാവിയിൽ വകയിരുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്

## **3-12** തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് നൽകി പ്രവൃത്തി നടത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടുകളിൽ തെറ്റായ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് കണക്കാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയതായി കാണുന്നു. പ്രൈസ് സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റ് നിരക്കുകൾ അനുവദിയ്ക്കുന്നത്. പി.ഡബ്ള്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 19.9.2017 തിയ്യതിയിലെ CE/Admn/ PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോടിന് ബാധകമായ കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം ആയി പുനർ നിർണയിച്ചിട്ടുള്ളതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2017-18 വർഷം നടപ്പിലാക്കിയ ചില പ്രോജക്ടുകളിൽ പഴയ നിരക്കായ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് നൽകിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് നടപ്പാക്കിയത്. ചില ഉദാഹരണങ്ങൾ താഴെ പറയുന്നു.

| പ്രൊജക്ട് | ടെണ്ടർ തിയ്യതി | റിമാർക്ക്സ് |
|---|---|---|
| എസ്.ഒ 315/18<br>അമ്പലക്കുന്ന് കന്നേരി റോഡ്<br>ചെലവ്-3,35,195<br>(മെയിന്റനൻസ് ഗ്രാന്റ് | 12.12.2017 | 12/17 ൽ ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ട പ്രവർത്തിയ്ക്ക് എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതെ 42.16 ശതമാനം കോസ്റ്റ് ഇൻഡക്സ് അനുവദിച്ച |

| | | |
|---|---|---|
| റേഡ്) | | |
| എസ്.ഒ 307/18<br>കങ്കഞ്ചേരി പാലക്കാപറമ്പ് റോഡ്<br>ചെലവ്-99,289 (മെയിന്റനൻസ് ഗ്രാന്റ് റേഡ്) | 13.12.2017 | ടി |
| എസ്.ഒ 292/18<br>കറുത്ത പറമ്പ് എള്ളങ്ങൽ റോഡ്<br>ചെലവ്-4,00,000 (മെയിന്റനൻസ് ഗ്രാന്റ് റേഡ്) | 28.12.2017 | ടി |

കോസ്റ്റ് ഇൻഡക്സ് 37.25 ശതമാനം എന്ന തോതിൽ യഥാർത്ഥത്തിൽ നിർണയിക്കേണ്ടിയിരുന്നതിന് പകരം 42.16 പ്രകാരം നിരക്ക് അനുവദിച്ചതിനാൽ 2017-18 ൽ 01-10-2017 ന ശേഷം ടെണ്ടർ ചെയ്ത് കരാർ വച്ച പ്രവർത്തികളിലെല്ലാം അധികം ചെലവ് ഉണ്ടായിട്ടുണ്ട് . ഗ്രാമപഞ്ചായത്ത് ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ മതിയായ സമയം ലഭ്യമായിട്ടും കുറഞ്ഞ നിരക്കിൽ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യാതിരുന്നത് മൂലം കരാറുകാർക്ക് അധിക തുക നൽകേണ്ടി വന്നത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## **3-13** ശിശു മന്ദിരം എതിർപ്പാറ റോഡ് - സ്പിൽ ഓവർ പ്രവൃത്തി പുതിയ പ്രവൃത്തിയായി കാണിച്ച് ഫണ്ട് വക മാറ്റി പദ്ധതി നടപ്പിലാക്കി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രൊജക്ട് നമ്പർ | എസ്.ഒ - 411/18 |
| ചെലവ് തുക<br>125323 | 74,677 /-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>മെയിന്റനൻസ് ഗ്രാന്റ് |
| ബിൽ നമ്പർ | 124/17-18/31.03.2018, |
| കരാറുകാരൻ | ശ്രീ. കെ. അയൂബ് |
| കരാർ നമ്പർ | AE/121/2016-17/09.03.2017 |

സാങ്കേതിക അനുമതി LSGD/TS/2016-17/16766/28.02.2017

2016-17 വർഷത്തിൽ 544/17 നമ്പർ പ്രൊജക്ട് പ്രകാരം ശിശുമന്ദിരം എതിർപാററോഡിന്റെ മെറ്റലിങ്ങ്, ടാറിങ്ങ് പ്രവൃത്തികൾക്കായി പദ്ധതി തയ്യാറാക്കിയിരുന്നു. ഈ പ്രവൃത്തി പൂർത്തിയായത് 09-01-2018 ന് ആണ്.(എം.ബുക്ക്-186/17-18). 2016-17 വർഷത്തെ പ്രൊജക്ട് പ്രകാരം റോഡ് മെയിയിന്റനൻസ് ഗ്രാന്റ് 125323 രൂപ തനത് ഫണ്ട് 74677 രൂപ എന്നിവയായിരുന്നു വകയിരുത്തിയിരുന്നത്. മൊത്തം 2 ലക്ഷം രൂപയായി പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകുന്നതിന് 2017-18 വർഷത്തിൽ 2 പ്രോക്ടുകൾ തയയാറാക്കിയിട്ടുണ്ട്. എസ്.ഒ 411/18, എസ്.ഒ. 193/18 എന്നിവയാണവ. എസ്.ഒ. 193/18 ശിശു മന്ദിരം എതിർപ്പാറ റോഡ് എന്ന പദ്ധതിയിൽ മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിൽ 1,25,323/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി 74677 രൂപ ഈ പ്രോജക്ടിൽ തന്നെ തനത് ഫണ്ടിനത്തിൽ ചെലവഴിക്കുന്നതിന് പകരം ഐ.കെ.എം ചെലവ് സ്റ്റേറ്റ് മെന്റിൽ ഈ പദ്ധതിയിൽ വകയിരുത്തിയ 74,677/-രൂപയുടെ തനത് ഫണ്ട് ചെലവ് പൂജ്യം ആയിട്ടാണ് കാണിച്ചിട്ടുള്ളത്. എസ്.ഒ 411/18 എന്ന പുതിയ ഒരു പ്രൊജക്ട് തയ്യാറാക്കുകയും ചെലവ് തുക തനത് ഫണ്ടിൽ നിന്ന് മാറ്റി ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്ന് വഹിക്കുകയും ചെയ്തിട്ടുണ്ട്.

ജി.ഒ. (എം.എസ്) നമ്പർ 72/17 തി. 29.3.17 ഖണ്ഡിക 11-1 (6 ) പ്രകാരം വിഭവ സ്രോതസ്സിൽ തനത് ഫണ്ട് രേഖപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയ പ്രൊജക്ടുകളിൽ യാതൊരു കാരണവശാലും വിഭവ സ്രോതസ്സ് മാറ്റാൻ പാടില്ല. അപ്രകാരമുള്ള പ്രൊജക്ട് ഭേദഗതികൾക്ക് ജില്ലാ ആസൂത്രണ സമിതിക്ക് അംഗീകാരം നൽകാനാവില്ല. ഇത്തരത്തിൽ പുതിയ പ്രൊജക്ട് തയ്യാറാക്കി വിഭവ സ്രോതസ് മാറ്റി ചെലവ് നടത്തിയിട്ടുള്ളതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

## **3-14** പൊതു മരാമത്ത് പ്രവൃത്തി ബില്ലിൽ നിന്ന് ഓവർ ഹെഡ് ചാർജ് ഈടാക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തിലെ പൊതു മരാമത്ത് പ്രവൃത്തികളിൽ പ്രൈസ് സോഫ്റ്റ് വെയർ വഴി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രവൃത്തികൾ നടപ്പാക്കുന്നത്. ഇപ്രകാരമുള്ള പ്രവൃത്തികളുടെ ഡാറ്റാ പരി ശോധിച്ചതിൽ എല്ലാ ഇനങ്ങൾക്കും നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് ജി.ഒ(ആർ.ടി)2480/ 2010/ തസ്വഭവ/29.07.2010 നമ്പർ ഉത്തരവ് പ്രകാരം 10% ഓവർഹെഡ് ചാർജ്ജും അതിന്മേൽ കരാറുകാരന്റെ 10% ലാഭവും ഉൾപ്പെടുത്തിയാണ്. ഇതു സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1)2017-18 വർഷത്തിൽ 1-11-2017 ലെ ജി ഒ (പി) 87 / 2017/ത സ്വഭവ ഉത്തര വിലെ നിർ ദ്ദേശപ്രകാരം 1 -7 - 2017 ന ശേഷമുള്ള പൊതുമരാമത്ത് പ്രവർത്തികളിൽ ബിൽ തുകയിൽ നിന്ന് ജി.എസ്.ടി ഈടാക്കിയിട്ടില്ല. ടാക്സ് പ്രൊവിഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ ക്കാണ് 10% ഓവർ ഹെഡ് ചാർജ് ഡാറ്റയിൽ പെടുത്തുന്നത് എന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവർത്തിബില്ലിൽ നിന്ന് 1% ആദായ നികുതിയും 1% തൊഴിലാളി ക്ഷേമനിധിയും മാത്രമേ ഈടാക്കുന്നുള്ളൂ. കരാറുകാരനിൽ നിന്ന് ജി.എസ്.ടി.ഈടാക്കാത്ത സാഹചര്യത്തിൽ ഓവർ ഹെഡ്ചാർജിലെ ഈയിനത്തിലെ ടാക്സ് പ്രൊവിഷൻ കരാറുകാരിൽ നിന്ന് തിരികെ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

2) MoRD സ്പെസിഫിക്കേഷൻ അനുസരിച്ച് തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് പ്രകാരമുള്ള ഡാറ്റയെ അടിസ്ഥാനമാക്കിയാണ് PRICE LSGD ൽ MoRD പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കണക്കാക്കിയിരിക്കുന്നത്. സ്റ്റാൻഡേർഡ് ഡാറ്റാബുക്ക് തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന സമീപനങ്ങളും പൊതുമാനദണ്ഡങ്ങളും വിവരിക്കുന്ന ആമുഖത്തിലെ ഖണ്ഡിക നം. 4 ൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെട്ടത്തിന്റെ സാഹചര്യം വ്യക്തമാക്കുന്നുണ്ട്. റോഡ് പ്രവൃത്തികൾക്ക് 10% വും പാലം പ്രവൃത്തികൾക്ക് 20% വും OH കണക്കാക്കിയത് 17 ഇനങ്ങളിലായി കരാറുകാരന് വരാനിടയുള്ള ചെലവുകൾ പരിഗണിച്ചുകൊണ്ടാണെന്ന് മേൽ ഖണ്ഡികയിൽ സൂചിപ്പിക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ പ്ലാന്റുകൾ, ആക്സസ് റോഡുകൾ, ജലവിതരണം, വൈദ്യുതി, സൈറ്റിലെ താമസം എന്നിവയ്ക്കുള്ള ചെലവ്, സൈറ്റ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള ചെലവ്, ലേബർ നിയമ പ്രകാരമുള്ള ചെറിയ തോതിലുള്ള ക്യാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ്, മേൽനോട്ടത്തിനുള്ള ചെറിയ വാഹനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചെലവ്, MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാര പരിശോധന നടത്തുന്നതിനും ഇതിന് ലാബ് ഒരുക്കുന്നതിനുമുള്ള ചെലവ്, വാച്ച് & വാർഡ് ഏർ പ്പെടുത്തുന്നതിനുള്ള ചെലവ്, നിർമ്മാണ സമയത്ത് പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള ചെലവ് തുടങ്ങിയവയാണ്. ഗ്രാമപഞ്ചായത്തിന്റെ റോഡ് പ്രവൃത്തികൾ പരിഗണിക്കുമ്പോൾ മേൽ പറഞ്ഞവ അപ്രസക്തവുമായ ഘടകങ്ങൾക്ക് ആണ്. ഗ്രാമപഞ്ചായത്തുകളുടെ പ്രത്യേക സാഹചര്യത്തിൽ റോഡുകൾ വളരെ ചെറുതായതു കൊണ്ടും ഇതുതന്നെ ഭാഗികമായി ചെയ്യുന്നതിനാൽ കുറഞ്ഞ പ്രോജക്ട് ചെലവ് മാത്രം വരുമെന്നതിനാലും മേൽപറഞ്ഞ

ചെലവുകൾ കരാറുകാരന് വഹിക്കേണ്ടി വരുന്നില്ല. എന്നാൽ വലിയ പ്രവൃത്തികൾക്കെന്ന പോലെ ഓവർഹെഡ് ചാർജ്ജ് പൂർണ്ണമായും (10%) നൽകുന്നത് അനർഹമാണ്. കൂടാതെ ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടവും ഉണ്ടാക്കുന്നു. ഈ സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കുന്ന MoRTH സ്പെസിഫിക്കേഷനിൽ റോഡ് നിർമ്മാണത്തിന് 5% ഓവർഹെഡ് ചാർജ്ജാണ് നല്കിവരുന്നത്. മേൽ സാഹചര്യത്തിൽ കരാറുകാർക്ക് ഓവർഹെഡ് ചാർജ്ജിനത്തിൽ അധിക തുക നൽകിയതിന് വിശദമായ മറുപടി നൽകേണ്ടതാണ്.

## 3-15 റോഡ് കണക്ടിവിറ്റി മാപ്പ് ഇല്ലാതെ റോഡ് വികസന പ്രവർത്തനങ്ങൾ നടത്തുന്നു

ഗ്രാമപഞ്ചായത്ത് റോഡ് വികസന പ്രവർത്തനങ്ങൾക്കായി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് 29-3 -2017 ലെ ജി.ഒ (എം.എസ്) 72/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10 (1) പ്രകാരം പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ രൂപീകരിക്കേണ്ടത് പഞ്ചായത്ത് തൻവർഷം പൊതുമരാമത്ത് മേഖലയിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള റോഡ് പ്രവർത്തികളിൽ സമഗ്രമായ പദ്ധതികൾ തയ്യാറാക്കാതെ ചെറിയ ചെയിനേജിലുള്ള ധാരാളം പ്രവർത്തികൾ നടപ്പിലാക്കുന്നത് മൂലം ഫണ്ട് വിനിയോഗം ഫലപ്രദമാകുന്നില്ല . കണക്ടിവിറ്റി മാപ്പിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ കണക്ടിവിറ്റി മാപ്പില്ലാതെയും വ്യക്തമായ ചെയിനേജ് ഇല്ലാതെയും പദ്ധതി നടപ്പാക്കുന്നത് പ്രവർത്തി നടത്തിപ്പിൽ വ്യക്തത ഇല്ലാതിരിക്കുന്നതിനും പ്രവർത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും സാഹചര്യം ഉണ്ടാക്കുന്നു. കൃത്യമായ കണക്ടിവിറ്റി ഉറപ്പു വരുത്തി സമഗ്ര പദ്ധതികൾ തയ്യാറാക്കാതെ ചെറിയ പദ്ധതി കൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-16 കാർഷിക ഉൽപ്പന്ന വിതരണ പദ്ധതി - ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന് രേഖകൾ ഹാജരാക്കിയില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികളിൽ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങിയിട്ടുള്ള വിത്തുകളും തൈകളും മുഴുവനും വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ചെലവ് | റിമാർക്സ് |
|---|---|---|
| എസ്.ഒ.214/18<br>സുഫലം- തെങ്ങിൽ തൈ, കശുമാവ് ഗ്രാഫ്റ്റ്, വാഴക്കന്ന് വിതരണം | 700000<br>വികസന ഫണ്ട് - ജനറൽ | 3,24,000 രൂപയ്ക്ക് 20,000 വാഴക്കന്നും, 1,60,000 രൂപയ്ക്ക് 4,000 കശുമാവ് ഗ്രാഫ്റ്റ് എന്നിവ VFPCK യിൽനിന്നും 2,16,000 രൂപയ്ക്ക് 4,000 തെങ്ങിൻ തൈകൾ തിക്കോടി ഫാമിൽ നിന്നും വാങ്ങിയിട്ടുണ്ട് . 1 തെങ്ങിൽ തൈ 1 കശുമാവ് 4 വാഴക്കന്ന് എന്നിവയുള്ള 4000 കിറ്റുകൾ വിതരണം ചെയ്യേണ്ടതായിരുന്നു.എന്നാൽ 308 കിറ്റുകൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 3692 കിറ്റുകളുടെ (4000-308) ചെലവ് തുക 6,46100 രൂപ (175X3692) തടസ്സത്തിൽ വയ്ക്കുന്നു |
| എസ്.ഒ196/18<br>ജൈവ പച്ചക്കറി കൃഷി | 3,55,750<br>വികസന - ഫണ്ട് ജനറൽ | 2,36,500 രൂപയ്ക്ക് യൂണിറ്റിന് 2.20 രൂപ വിലയുള്ള 1,07,500യൂണിറ്റ് വിവിധ പച്ചക്കറി വിത്തുകൾ തിരുവമ്പാടി അഗ്രോ സർവ്വീസ് സൊസൈറ്റിയിൽ നിന്നും വാങ്ങി . 5,500 രൂപയ്ക്ക് ഒന്നിന് 2.20 രൂപ വിലയുള്ള 2500കാബേജ് ക്വാളി ഫ്ലവർ തൈകൾ കുത്താളി ഫാമിൽ നിന്നും വാങ്ങി. 43,750 രൂപയ്ക്ക് 50 രൂപ വിലയുള്ള ഗ്രോബാഗും വാങ്ങിയിട്ടുണ്ട് . ഇതിൽ 76 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. ഓരോരുത്തർക്കും എത്ര വീതം അളവിലാണ് തൈകളും മറ്റും നൽകിയത് എന്ന് വ്യക്തമല്ല. ചെലവ് തുക 3,55,750 രൂപ തടസ്സത്തിൽ വയ്ക്കുന്നു. |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 10,01,850 രൂപ (6,46,100+3,55,750) തടസ്സത്തിൽ വയ്ക്കുന്നു.

## 3-17 ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്ക് ഭവനം നിർമ്മിച്ചു നൽകൽ - വിവരങ്ങൾ ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ് വഴി നടപ്പിലാക്കി വരുന്ന ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ രണ്ടാം ഘട്ട ആശ്രയ പദ്ധതിയിൽ (2015-18) ഉൾപ്പെട്ട വിട് ആവശ്യമായ ഗുണഭോക്താക്കൾ ക്ക് ഭവനം നിർമ്മിച്ച് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച രേഖകൾ സി.ഡി.എസ് സൂക്ഷിച്ച് കാണുന്നില്ല. രണ്ടാം ഘട്ട പദ്ധതിയിൽ 55 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണം നടത്തേണ്ടതായിട്ടുണ്ട്. ഈ ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടോ, ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ 20 പേർക്ക് കുടി ഭവനം നിർമ്മിച്ച് നൽകാനുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സേവനം ലഭ്യമാവാത്ത ഗുണഭോക്താക്കൾക്ക് വീടു നിർമ്മിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 ഗ്രാമ സഭാലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചു

കൃഷി ഒഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള (എസ്.ഒ.204/18), പമ്പ് സെറ്റ് വിതരണം എന്ന പദ്ധതിയിൽ ഗ്രാമ സഭ അംഗീകരിച്ചിട്ടില്ലാത്ത ചില ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്തതായി കാണുന്നു. ഗ്രാമ പഞ്ചായത്ത് നൽകിയിട്ടുള്ള ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. ഗ്രാമസഭാ മിനുട്സ് പരിശോധിച്ചതിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റിൽ ഉള്ള താഴെ പറയുന്ന ഗുണഭോക്താക്കൾ ഗ്രാമസഭാ മിനുട്സ് പ്രകാരമുള്ള ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് | സബ്സിഡി തുക |
|---|---|---|
| ശ്രീ. പ്രേമരാജൻ | 1 | 7680 |
| ശ്രീ. മാർട്ടിൻ. സി.യു | 6 | 8540 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-19 വികസന ഫണ്ട് ചെലവഴിയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിയ്ക്കുന്നു

കുടുംബശ്രീ സി.ഡി.എസ് വഴി നടപ്പിലാക്കി വരുന്ന ആശ്രയ പദ്ധതിയിൽ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന ബാങ്ക് അക്കൗണ്ടിൽ (കാനറ ബാങ്ക് അക്കൗണ്ട് നമ്പർ - 1135101045569) 7,70,623 രൂപ വികസന ഫണ്ട് തുക നീക്കിയിരിപ്പുണ്ട്. സി.ഡി എസ് ലഭ്യമാക്കിയ വിശദീകരണത്തിൽ ആശ്രയ ഭവന പദ്ധതിയ്ക്കായി ലഭിച്ച തുകയാണ് ഇതെന്ന് അറിയിച്ചിട്ടുണ്ട്. വികസന ഫണ്ട് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-20 പാലിന് സബ്സിഡി- വിതരണ രേഖകൾ ഹാജരാക്കിയില്ല

പദ്ധതി നം. 224, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ. 1200000, (വികസന ഫണ്ട്. 500000, ബ്ലോക്ക് 500000, ജില്ല 200000 )

ചെലവ്. 1200000

ബിൽ നം. 1-17-18/ 13-3-18 – 500000 വികസന ഫണ്ട്

ചെക്ക് നം. 3351503, 5-3-18 – 500000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ചെക്ക് നം. 3351505, 28-3-18 – 200000 ജില്ലാ പഞ്ചായത്ത് വിഹിതം

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതിയുടെ ലഭ്യമാക്കിയ രേഖകളിൽ 284066 രൂപയുടെ വിതരണ രേഖകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളു. സൊസൈറ്റികളിൽ കർഷകർ എത്ര ലിറ്റർ പാൽ അളന്നു എന്ന കണക്കും ലഭ്യമാക്കിയിട്ടില്ല പഞ്ചായത്ത്, ബ്ലോക്ക്, ജില്ല വിഹിതമായി മൊത്തം 12 ലക്ഷം രൂപ മേൽ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. മൊത്തം ചെലവഴിച്ച തുകയിൽ 284066 രൂപ കഴിച്ച് അവശേഷിക്കുന്ന 915934 രൂപ കർഷകരുടെ അക്കൗണ്ടുകളിൽ നിക്ഷേപിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/ 25-2-19 ) മറുപടി ലഭ്യമാക്കിയിട്ടില്ല. 915934 രൂപയുടെ ചെലവ് തടസ്സം വെയ്ക്കുന്നു.

## 3-21 എട്ടാം ക്ലാസിലെ പെൺകുട്ടികൾക്ക് സൈക്കിൾ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം : സെക്രട്ടറി

പ്രോജക്റ്റ് നമ്പർ : 225/18

അടങ്കൽ : 8,00,000/- (വികസനഫണ്ട് ജനറൽ)

ചെലവ് : 7,97,800/- ബിൽ നമ്പർ 5/18-19/28.5.2018

പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന പഞ്ചായത്ത് പരിധിയിലുള്ള എട്ടാം ക്ലാസിലുള്ള പെൺകുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കുകയും, ഇതിന് 5.2.2018 ലെ സർക്കാർ ഉത്തരവ് (സാധാ) 335/2018 പ്രകാരം അനുമതി ലഭിക്കുകയും ചെയ്തു. ഇതു പ്രകാരം 258 പേർ വരുന്ന കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുകയും, വാങ്ങൽ നടപടിയ്ക്കായി ഇ- ടെണ്ടർ നടത്തി ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്ന് 3989 രൂപ വരുന്ന 200 സൈക്കിളുകൾ വാങ്ങി വിതരണം നടത്തി. പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- സർക്കാർ ഉത്തരവ് (എം.എസ്.) 80/2017, തിയ്യതി 3.4.2017 യിലെ ഖണ്ഡിക 2.12 പ്രകാരം നാമമാത്ര പെൻഷൻ ഉൾപ്പെടെ പൊതു വിഭാഗത്തിന് ഒരു ലക്ഷം വരെയും, പട്ടികജാതി വിഭാഗത്തിന് രണ്ടു ലക്ഷം രൂപ വരെയും വരുമാനമുള്ളവർക്ക് ബി.പി.എൽ. ആയി കണക്കാക്കി ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. ഖണ്ഡിക 2.15 ൽ ഏതൊക്കെ വിഭാഗങ്ങളെ ബി.പി.എൽ. ഗണത്തിൽ പെടുത്താൻ കഴിയില്ലയെന്നും വിവരിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ മേൽ പദ്ധതിയിൽ ഇത്തരത്തിൽ ഗുണഭോക്താക്കളെ വേർതിരിച്ചറിയുന്നതിന് ഏതെല്ലാം രേഖകളാണ് അടിസ്ഥാനപ്പെടുത്തിയതെന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി, അനുമതി നൽകിയ സർക്കാർ ഉത്തരവിലെവിടെയും ബി.പി.എൽ. വിഭാഗത്തിൽപെട്ടവർക്കു മാത്രമേ നൽകാവൂവെന്ന് നിഷ്കർച്ചിട്ടില്ലെന്നാണ്. സർക്കാർ അനുമതിയ്ക്കായി അയച്ച പ്രോജക്റ്റ് വിശദാംശം(ഫയൽ) പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. സർക്കാർ ഉത്തരവ് നമ്പർ 80/2017 /ത.സ്വ.ഭ.വ, തിയ്യതി : 3.4.2017 ഖണ്ഡിക 2 ലെ പൊതുനിബന്ധനകളിൽ നിബന്ധന 2.2 പ്രകാരം പ്രസ്തുത മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിനോ, വിഭാഗത്തിനോ ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും, ഇതു ലഭിച്ചതിനു ശേഷമേ പ്രോജക്റ്റ് തയ്യാറാക്കാവൂവെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രോജക്റ്റ് തയ്യാറാക്കിയ ശേഷം അനുമതിയ്ക്കായി പോകുകയാണുണ്ടായത്.
- 17.3.2018 ലെ ഭരണസമിതിയാണ് ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയത്. ആകെയുള്ള 258 (259 പേരിൽ ഒരാൾ അൺഎയ്ഡ്ഡ് സ്കൂളിലാണ് പഠിക്കുന്നത്) പേരിൽ 200 പേർക്കാണ് സൈക്കിൾ നൽകിയത്. ഈ കുട്ടികളെ എന്തടിസ്ഥാനത്തിലാണ് തെരെഞ്ഞെടുത്തതെന്ന് വ്യക്തമല്ല. ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ ബാക്കി കുട്ടികൾക്ക് തുടർവർഷത്തിൽ സൈക്കിളുകൾ സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് നൽകുമെന്നാണ്.

സർക്കാർ അനുമതി ലഭിക്കുന്നതിനു മുമ്പേ പ്രോജക്റ്റ് തയ്യറാക്കിയതും, പദ്ധതി രൂപീകരണ സമയം കൃത്യമായ അർഹതാ/മുൻഗണന മാനദണ്ഡങ്ങൾ ഉൾപ്പെടുത്താതിരുന്നതും സൈക്കിൾ ലഭിച്ച കുട്ടികളേക്കാൾ പരിഗണന അർഹിക്കുന്ന

കുറേ കുട്ടികൾക്ക് സൈക്കിൾ ലഭിക്കാതിരുന്നതിന് കാരണമായിട്ടുള്ളത്. കുട്ടികളുടെ സാമ്പത്തികസ്ഥിതി മാനദണ്ഡപ്പെടുത്താതെ മുഴുവൻ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും സൈക്കിൾ നൽകുന്നതിലൂടെ സാധ്യമാകുന്ന പ്രോജക്ട് ലക്ഷ്യം എന്താണെന്നും, ഈ ആനുകൂല്യം മറ്റു ക്ലാസുകളിലെ കുട്ടികൾക്കു നൽകാതെ എട്ടാം ക്ലാസ് മാനദണ്ഡപ്രകാരം നൽകിയെന്തുകൊണ്ടാണെന്നും വ്യക്തമാക്കേണ്ടതാണ്.

## 3-22 കയ്യേറ്റം ഒഴിപ്പിച്ച തുക ഉത്തരവാദിയിൽ നിന്ന് ഈടാക്കിയില്ല

2017-18 വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചപ്പോൾ, കുമാരനെല്ലൂർ വില്ലേജിൽ അള്ളിദേശത്ത് റീ സർവ്വേ 65/2, 78/2 ൽ പ്പെട്ട സ്ഥലത്തിന്റെ അതിർത്തികളിൽ നടവഴി തടസപ്പെടുത്തി ശ്രീ ജോഷി വർഗ്ഗീസ് എന്നയാൾ കമ്പിവേലി നിർമ്മിച്ചതായും ആയത് പഞ്ചായത്ത് ചെലവിൽ തൽക്കാലം പൊളിച്ച് മാറ്റി ചെലവ് തുക ഉത്തരവാദിയിൽ നിന്നും ഈടാക്കാനും പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം 20-5-16 ൽ നമ്പർ ഏ2/2016/16 പ്രകാരം സെക്രട്ടറി ഉത്തരവിട്ടു.
19-7-2017 ലെ വൗച്ചർ നം 21700413 പ്രകാരം കയ്യേറ്റം നടന്ന സ്ഥലത്തെ കമ്പിവേലി പൊളിച്ച് നീക്കാൻ പഞ്ചായത്ത് ഫണ്ടിൽ നിന്നും 3000 രൂപ ചെലവഴിച്ചു. എന്നാൽ ടി തുക കയ്യേറ്റക്കാരനിൽ നിന്നും നാളിതുവരെ ഈടാക്കിയിട്ടില്ല. ടി തുക ഉത്തരവാദിയായ ശ്രീ ജോഷിയിൽ നിന്ന് ഈടാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്. 3000 രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച്, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-23 പെൻഷൻ അംശദാനം അടയ്ക്കാൻ നടപടി സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് 2014 ലെ ശമ്പള പരിഷ്കരണത്തെ തുടർന്ന് കുടിശിക അനുവദിച്ചപ്പോൾ അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി പെഷൻ അംശദാനം ഈടാക്കി സർക്കാരിലേക്ക് അടച്ചതായി കാണുന്നില്ല. കുടിശിക അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| വൗ. നം. | തുക |
|---|---|
| 21700030,3-4-17 | 192486 |
| 21700265,1-6-17 | 9918 |
| 21700607,6-10-17 | 191078 |
| 21700774,12-12-17 | 19792 |
| 21700772,12-12-17 | 224976 |

പെൻഷൻ അംശദാനം അടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-24 വനിതാ ശിങ്കാരിമേളം ഗുണഭോക്തൃ വിഹിതം ഈടാക്കിയതിൽ കുറവ്

പദ്ധതി നം. എസ് സി വനിതാ ശിങ്കാരിമേളം (335)

അടങ്കൽ. 236250, (വികസന ഫണ്ട് 225000, ഗുണഭോക്തൃ വിഹിതം 11250 )

ചെലവ്. 48000 (വികസന ഫണ്ട് )

ബിൽ നം. 32 /17-18/26-3 -18

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

ഈ പ്രൊജക്റ്റിന്റെ മൊത്തം അടങ്കൽ 236250 രൂപയാണ് അതിൽ വികസന ഫണ്ട് 225000 രൂപയും ഗുണഭോക്തൃ വിഹിതം 11250 രൂപയുമാണ്. വികസന ഫണ്ടിന്റെ അഞ്ച് ശതമാനമാണ് ഗുണഭോക്തൃ വിഹിതമായി വകയിരുത്തിയത്. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 13 പ്രകാരം (പേജ് നം 60 ) പരിശീലന പരിപാടിക്കുള്ള ഗുണഭോക്തൃ വിഹിതം പത്ത് ശതമാനമാണ് ഈടാക്കേണ്ടത്. ഈ പദ്ധതി പ്രകാരം 15 വനിതകൾക്ക് പരിശീലനത്തിനായി 48000 രൂപ ചെലവാക്കി. വികസന ഫണ്ടിന്റെ പത്ത് ശതമാനം 22500 രൂപ പദ്ധതിയിൽ വകയിരുത്തി ഈടാക്കേണ്ടതിന് പകരം 11250 രൂപ മാത്രമാണ് ഈടാക്കിയത്. ഇക്കാര്യത്തിൽ വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/25-2-19) മറുപടി ലഭിച്ചില്ല. മാർഗ്ഗരേഖ പ്രകാരമുള്ള പത്ത് ശതമാനം ഗുണഭോക്തൃ വിഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-25 കുട നിർമ്മാണ പരിശീലനം- രേഖകൾ ഹാജരാക്കിയില്ല

പ്രോജക്റ്റിന്റെ പേര് : പരിരക്ഷ

പ്രോജക്റ്റ് നമ്പർ : so 017/18

അടങ്കൽ : 2,25,000/- (1,00,000/- വികസന ഫണ്ട്

1,25,000/- ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്)

നിർവ്വഹണം : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ചെലവ് : 99990/- വികസന ഫണ്ട്

( ബിൽ നമ്പർ- 17/17-18 തീയതി 24.3.18)

2017-18 വർഷം നടപ്പിലാക്കിയ പരിരക്ഷ എന്ന പ്രോജക്റ്റിന്റെ ലക്ഷ്യങ്ങളും നടപ്പാക്കിയതും സംബന്ധിച്ച വിശദവിവരങ്ങൾ ഫയലിൽ ലഭ്യമല്ല. മേൽ പ്രോജക്റ്റ് പ്രകാരം സ്പെക് അംബ്രല്ലാസ് എന്ന സ്ഥാപനത്തിൽ നിന്ന് 165 രൂപ വില വരുന്ന 288 ത്രീ ഫോൾഡ് ബ്ലാക്ക് അംബ്രല്ലാ കിറ്റുകൾ , 175 രുപ വില വരുന്ന 300 ത്രീ ഫോൾഡ് കളർ അംബ്രല്ലാ കിറ്റുകൾ എന്നിവ വാങ്ങിയതിന്റെ ബിൽ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ വാങ്ങിയ ത്രീ ഫോൾഡ് അംബ്രല്ലാ കിറ്റുകൾ ഉപയോഗപ്പെടുത്തിയതിന്റെയോ പരിശീലിപ്പിച്ചതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/17-18 തീയതി 23.2.19 ) മറുപടി ലഭ്യമാക്കിയിട്ടില്ല.
അംബ്രല്ലാ കിറ്റുകളുടെ വിതരണം, പരിശീലനം എന്നിവയുടെ രേഖകളുടെ അഭാവത്തിൽ 99,990/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## **3-26** <u>പഞ്ചായത്തിലെ വാങ്ങൽ നടപടിയിലെ പൊതു അപാകതകൾ</u>

തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ സാധനങ്ങളുടെയും, സേവനങ്ങളുടെയും വാങ്ങൽ 8.11.2010 മുതൽ സർക്കാർ ഉത്തരവ് (പി)259/2010/ത.സ്വ.ഭ.വ. അനുസരിച്ചായിരിക്കേണ്ടതാണ്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള വാങ്ങലുകൾ ഓരോ വർഷവും നടത്തേണ്ടതായി വരും. അവ പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ തയ്യാറാക്കുകയും, ആയതിനനുസരിച്ച് പ്രൊക്യൂർമെന്റ് പദ്ധതി (പ്രൊക്യൂർമെന്റ് പ്ലാൻ) തയ്യാറാക്കുകയും വേണം. ഫലപ്രദമായ ബജറ്റ് നടപ്പാക്കലിനും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പാക്കുന്നതിനും പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറേക്കേണ്ടത് അനിവാര്യമാണ്. സ്ഥാപനത്തിൽ ഇതിനായി ടെക്നിക്കൽ ടീം, പ്രൊക്യൂർമെന്റ് ടീം, പ്രൊക്യൂർമെന്റ് കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതുണ്ട്. ടെക്നിക്കൽ ടീം(വർക്കിംഗ് ഗ്രൂപ്പ്) ആണ് സാധനങ്ങളുടെ ആവശ്യകതയും, സ്പെസിഫിക്കേഷനും അടക്കം പ്രഥമികകാര്യങ്ങൾ തീരുമാനിക്കേണ്ടതെങ്കിൽ, ഇവ കൃത്യമായി പ്രൊക്യൂർമെന്റ് കമ്മിറ്റി മുമ്പാകെ കൊണ്ടുവരേണ്ടതും, മാർഗ്ഗരേഖയ്ക്കനുസരിച്ച് നടപടിക്രമങ്ങൾ ഉറപ്പുവരുത്തേണ്ടതും പ്രൊക്യൂർമെന്റ് ടീം ആണ്. ഇവർ സമർപ്പിക്കുന്ന പർച്ചേസ് പ്രൊപ്പോസലുകൾ സ്കൂട്ടിനൈസ് ചെയ്യേണ്ടതും, ഇവയ്ക്ക് അംഗീകാരം നൽകേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്. സാധന സേവന പ്രൊക്യൂർമെന്റ് നടത്തുമ്പോൾ പൊതുപണം ശരിയായ രീതിയിൽ വിനിയോഗിക്കുന്നുവെന്നും, സുതാര്യത

നിലനിർത്തി നല്ല പ്രവർത്തനം തദ്ദേശസ്ഥാപനം കാഴ്ചവെയ്ക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് പൊതുജനങ്ങൾ ഉൾപ്പെടുന്ന സോഷ്യൽ ഓഡിറ്റ് കമ്മിറ്റി വിഭാവനം ചെയ്യണം. ഗുണഭോക്താക്കളിൽ സേവനങ്ങളെ കുറിച്ച് ഉദ്ബോധനം നടത്തേണ്ടതും, പ്രൊക്യൂർമെന്റ് നടപടികളിൽ സുതാര്യത പാലിച്ചുവെന്നും, ഗുണനിലവാരം, കാര്യക്ഷമത എന്നിവ വാങ്ങലിൽ പാലിച്ചുവെന്നും ഉറപ്പാക്കേണ്ടത് ഈ കമ്മിറ്റിയാണ്. വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയംഗങ്ങൾ ആവശ്യകത തിരിച്ചറിയുന്നതിനും, മുൻഗണന നിശ്ചയിക്കുന്നതിലും പങ്കാളിയാവണം. പ്രൊക്യൂർമെന്റ്, ടെണ്ടർ ഓപ്പനിംഗ്, വിലയിരുത്തൽ എന്നിവ മോണിറ്റർ ചെയ്യേണ്ടതും ഈ കമ്മിറ്റിയാണ്. സാമ്പത്തിക വർഷാവസാനം സോഷ്യൽ ഓഡിറ്റ് കമ്മിറ്റി സമാഹൃത റിപ്പോർട്ട് ഗ്രാമസഭയിൽ വയ്ക്കേണ്ടതും, നിർവ്വഹണ ഉദ്യോഗസ്ഥർ സംശയദൂരീകരണം വരുത്തുകയും വേണം. എന്നാൽ കാരശ്ശേരി പഞ്ചായത്തിലെ മേൽ പ്രൊക്യൂർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്നതാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

- മേൽ ഉത്തരവിൽ നിർദ്ദേശിക്കും പ്രകാരം ഒരു പ്രൊക്യൂർമെന്റ് സൈക്കിളിലെ ആദ്യ ഘടകം ആവശ്യം തിരിച്ചറിയലും, സ്പെസിഫിക്കേഷൻ ഉണ്ടാക്കലുമാണ്. ഒരേയിനം സാധനസാമഗ്രികൾ വിവിധ നിർവ്വഹണോദ്യോഗസ്ഥർ വാങ്ങുന്ന സംഗതിയിൽ തദ്ദേശസ്ഥാപനത്തിന്റെ ആകെ ആവശ്യകത കണക്കാക്കി ഒറ്റ വാങ്ങൽ നടപടിയാണ് നടത്തേണ്ടിയിരുന്നത്. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.33.ii(c) പ്രകാരം ഒരു സ്ഥാപനത്തിന്റെ വിവിധ വിഭാഗങ്ങളിലേയ്ക്ക് വേറെ വേറെ ടെൻണ്ടർ നടപടി സ്വീകരിക്കാതെ ആകെ ആവശ്യമുള്ള സാമഗ്രികളുടെ എണ്ണം തിട്ടപ്പെടുത്തി ഒറ്റ വാങ്ങൽ നടപടി നടത്തിയാൽ മതി. എന്നാൽ 2017-18 കാലയളവിൽ പഞ്ചായത്തിൽ നടത്തിയ വാങ്ങലുകളിൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ഉദാഹരണമായി, വിവിധ നിർവ്വഹണോദ്യോഗസ്ഥരായ ഐ.സിഡി.എസ്.സൂപ്പർവൈസർ, വി.ഇ.ഒ., മെഡിക്കൽ ഓഫീസർ ഹോമിയോ എന്നിവർ വിവിധ പ്രോജക്ടുകളിലൂടെ അവരവരുടെ ഓഫീസുകളിലേയ്ക്കാവശ്യമായ കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. ഒരേ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകൾക്കുള്ള ടെൻഡറുകൾ ഒരൊറ്റ ടെൻഡർ നോട്ടീസിലൂടെയാണ് പരസ്യം ചെയ്തത് (വ്യത്യസ്ത പ്രോജക്ടുകൾക്ക് വ്യത്യസ്ത ടെൻഡറുകൾ). ഒരേ കമ്പനിയുടെ (ഏസർ) ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളാണ് മൂന്നു നിർവ്വഹണോദ്യോഗസ്ഥരും വാങ്ങിയതെങ്കിലും, ഇവ വാങ്ങിയിരിക്കുന്നത് വ്യത്യസ്ത സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ത വിലയ്ക്കാണ്. വിശദാംശം ചുവടെ കൊടുക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | വാങ്ങിയ സ്ഥാപനം | വില നികുതിയടക്കം |
|---|---|---|

| | | |
|---|---|---|
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ആംസ്റ്റർ ബിസിനസ്സ് കോർപ്പറേഷൻ, | 29,372/- |
| വി.ഇ.ഒ. | സിഗ്മ സൊല്യൂഷൻസ് | 31,250/- |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ബെസ്റ്റ് ഇന്ത്യകമ്പ്യൂട്ടർ ഷോപ്പ്, മുക്കം | 31,500/- |

- സെക്രട്ടറി നിരവ്വഹണം നടത്തിയ മൂന്ന വ്യത്യസ്ത പ്രോജക്ടുകളിൽ ഒരേയിനം സാധനങ്ങൾ ഒരേ സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു,

| പ്രോജക്ട് നം./ പേര് | വാങ്ങിയ സാധനങ്ങൾ | വില | വാങ്ങിയ സ്ഥാപനം |
|---|---|---|---|
| ഐ.എസ്.ഒ.അംഗീകാരം നേടലും, അനുബന്ധ സൌകര്യങ്ങളൊരുക്കലും പ്രോ.നം.1/17-18 | ആംഡ് കസേരകൾ 100എണ്ണം | 56500 | ഫർണീച്ചർ ലാന്റ് , മുക്കം |
| പൊതുലൈബ്രറിയിലേയ്ക്ക് ഫർണീച്ചർ, ലാപ്പോപ്, പ്രൊജക്ടർ പ്രോ.നം.350/17-18 | ആംലെസ് കസേര 25 എണ്ണവും, മറ്റു ഫർണീച്ചറുകൾ | 24,900 | -ടി- |
| കമ്മ്യൂണിറ്റി ഹാളിലേയ്ക്ക് പബ്ലിക് അഡ്രസ്സിംഗ് സ്സിസ്റ്റം, ഫർണീച്ചർ പ്രോ.നം.357/17-18 | ആംഡ് കസേരകൾ 131 എണ്ണം ആംലെസ് കസേര 64 എണ്ണം | 96506 | -ടി- |

മേൽ രീതിയിൽ വ്യത്യസ്ത വാങ്ങലുകളായി പർച്ചേസ് നടത്തിയപ്പോൾ ലിമിറ്റഡ് ടെൻഡർ നടപടിയാണ് കൈകൊണ്ടിട്ടുള്ളത്. ഒരേയിനം സാധനങ്ങൾ

ആവശ്യമുള്ള സംഗതികളിൽ മുൻഖണ്ഡികയിൽ വിവരിച്ച രീതിയിൽ തദ്ദേശ സ്ഥാപനത്തെ ഒറ്റ യൂണിറ്റായി കണ്ട് വാങ്ങൽ നടത്താതിരുന്നതിനും, ടെൻഡർ നടപടികൾ ഒഴിവാക്കാനായി വാങ്ങൽ മുറിച്ച് നടത്തിയതിനും വിശദീകരണം ആരാഞ്ഞതിന് വാങ്ങൽ നടപടി ഒന്നായി നടത്തിയാൽ സെക്രട്ടറിയുടെ ജോലിഭാരം കൂടുമെന്നും, ഒരേ ഓഫീസിലേയ്ക്കുള്ള വാങ്ങലുകൾ ഒന്നായി നടത്താൻ ശ്രദ്ധിക്കുമെന്നുമാണ്. ഒരോ ഓഫീസിലേയ്ക്ക് വ്യത്യസ്ത വാങ്ങലുകൾ നടത്താതെ തദ്ദേശ സ്ഥാപനത്തെ ഒറ്റ യൂണിറ്റായി കണ്ട് വാങ്ങലുകൾ നടത്തേണ്ടതാണ്.

## 3-27 തെരുവു വിളക്ക് സ്ഥാപിക്കൽ/ റിപ്പയർ - അപാകതകൾ

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തെരുവു വിളക്കുകൾക്കായി രണ്ടു പദ്ധതികൾ 2017-18 വർഷത്തിൽ നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് പേര്, നമ്പർ | തെരുവു വിളക്ക് സ്ഥാപിക്കൽ, 243/18 | തെരുവു വിളക്ക് റിപ്പയർ, 245/18 |
|---|---|---|
| അടങ്കൽ | 10,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 5,00,000/-<br>2,00,000/- വികസനഫണ്ട് ജനറൽ<br>3,00,000/- സംരക്ഷണഗ്രാന്റ് റോഡിതരം |
| ചെലവ് | 8,99,800/-ബിൽ നം.57/17-18/24.3.2018 | 1,99,200/- ബിൽ നം.65/17-18/31.3.2018<br>3,00,000/- ബിൽ നം.66/17-18/31.3.2018 |
| വിളക്ക് വാങ്ങിയ സ്ഥാപനം | KREWS | KREWS |

മേൽ പ്രോജക്ടുകൾ മുഖേന 206 എണ്ണം 24 വാട്ട് LEDബൾബുകളും, 274 എണ്ണം 18വാട്ട് LEDബൾബുകളും വാങ്ങി, സ്റ്റോക്ക് രജിസ്റ്റർ ചേർത്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- തെരുവു വിളക്ക് റിപ്പയർ പ്രവൃത്തിയിൽ വാങ്ങിയ 156 എണ്ണം 24 വാട്ട് LEDബൾബുകൾ 2019 ജനുവരി മാസത്തിലാണ് വിവിധ വാർഡുകളിൽ

സ്ഥാപിച്ചതായി ബന്ധപ്പെട്ട വാർഡു മെമ്പർമാർ മാത്രമാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

- ഭരണസമിതിയുടെ 26.2.18 ലെ 1(1) തീരുമാനത്തിൽ റിപ്പയർ പ്രവർത്തിക്കായി വാങ്ങിയ എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കാനും, നിലവിൽ പോസ്റ്റുകളിലുള്ള സി.എഫ്.എൽ ബൾബുകൾ അഴിച്ചുമാറ്റാനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പഴയ വിളക്കുകൾ അഴിച്ചെടുത്ത് സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമല്ല.

- മേൽ രണ്ടു പ്രവർത്തികളിലും വാങ്ങിയ വിളക്കുകളുടെ വിലയിൽ 177 രൂപ വിളക്കിന്റെ ഇൻസ്റ്റലേഷൻ ചാർജ്ജ് ഉൾപ്പെടുന്നു. വിളക്കുകൾ സ്ഥാപിക്കുന്നതിനു മുമ്പേ ഈ തുക കൂടി സ്ഥാപനത്തിന് നൽകിയതെന്തിനാണെന്ന് വ്യക്തമാക്കേണ്ടതാണ്.

- KREWS മായി ചമച്ച കരാർ പ്രകാരം എൽ.ഇ.ഡി. വിളക്കുകളുടെ വാറണ്ടി വിതരണ തിയ്യതി മുതൽ 24 മാസമാണ്. വിതരണം നടത്തി 12 മാസം കഴിഞ്ഞിട്ടും സ്ഥാപിക്കാത്ത/അല്ലെങ്കിൽ 12 മാസത്തിനു ശേഷം സ്ഥാപിച്ച ബൾബുകൾക്ക് ലഭിക്കുന്ന വാറണ്ടി എപ്രകാരം കണക്കാക്കുമെന്ന് വ്യക്തമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി സാംക്രമിക രോഗങ്ങൾ, വെള്ളപ്പൊക്കം തുടങ്ങിയ കാരണമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതെന്നും, നിലവിലിൽ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും, പഴയ ബൾബുകൾ ഭൂരിഭാഗവും നശിച്ചുപോയവയാണെന്നും, വാറണ്ടി കാലാവധി സംബന്ധിച്ച് സ്ഥാപനവുമായി ചർച്ചചെയ്യുന്നതുമാണെന്നുമാണ്. പഴയ സാമഗ്രികളുടെ സ്റ്റോക്ക് ലഭ്യമാക്കേണ്ടതും, വാറണ്ടി സംബന്ധിച്ച വിശദാംശങ്ങൾ ഹാജരാക്കേണ്ടതുമാണ്.

## **3-28** <u>കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ - പദ്ധതി നടത്തിപ്പിലെ അപാകതകൾ</u>

സെക്രട്ടറി നിർവ്വഹണോദ്യാഗസ്ഥനായി പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളുടെ മോട്ടോറുകൾ മാറ്റി വാങ്ങി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് പേര്, നമ്പർ | അടങ്കൽ, ഫണ്ട് | ചെലവ് | വാങ്ങിയ സ്ഥാപനം |
|---|---|---|---|
| സർക്കാർ പറമ്പ്-കയ്യിൽ കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കൽ | 1,33,143/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,33,143/- ബിൽ നമ്പർ 15/17-18 | റെയ്ഡ്കോ, മുക്കം ശാഖ |

| | | | |
|---|---|---|---|
| പ്രോ.നം.208/18 | | /28.9.2017 | |
| അണ്ടിക്കുന്ന് കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കൽ പ്രോ.നം.209/18 | 17,383/-ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 17,383/- ബിൽ നമ്പർ 16/17-18 /28.9.2017 | -ടി- |
| ചാത്തൻചിറ കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കൽ പ്രോ.നം.236/18 | 2,12,844/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,85,132/- ബിൽ നമ്പർ 54/17-18 /24.3.2018 | -ടി- |
| അത്തായകുന്ന് കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കൽ പ്രോ.നം.237/18 | 1,35,119/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,31,447/- ബിൽ നമ്പർ 21/17-18 /27.10.2017 | -ടി- |
| കപ്പാല കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോർ വാങ്ങി സ്ഥാപിക്കൽ പ്രോ.നം.289/18 | 94,874/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 94,874/- ബിൽ നമ്പർ 61/17-18 /31.3.2018 | -ടി- |

| | | | |
|---|---|---|---|
| | | | |
| ആകെ | | 561979 | |

നിലവിൽ പ്രവർത്തിച്ചു വരുന്ന കുടിവെള്ള പദ്ധതികളുടെ മോട്ടോറുകൾ കേടാണെന്ന ബന്ധപ്പെട്ട കുടിവെള്ള കമ്മിറ്റികളുടെ സമർപ്പണം/അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പുതിയവ വാങ്ങി നൽകാൻ തീരുമാനിച്ചത്. പദ്ധതി നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു,

- നിലവിലുള്ള മോട്ടോർ പ്രവർത്തനക്ഷമമല്ലെന്നും, ഇവ റിപ്പയർ ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണെന്നും ക്ഷമതയുള്ള ഉദ്യോഗസ്ഥരാരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.
- മേൽ പ്രവൃത്തികളിൽ ഭൂരിഭാഗത്തിലും റെയ്ഡ്കോ മാനേജരോട് തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ ആവശ്യപ്പെടുകയും, പിന്നീട് കാഷ് ബിൽ നൽകുന്ന മുറയ്ക്ക് തുക അനുവദിക്കുകയുമാണ് ചെയ്തത്.
- റെയ്ഡ്കോയിൽ നിന്നുള്ള ഇൻവോയ്സിൽ മോട്ടോറിന്റെ വിലയ്ക്ക് പുറമേ ഇവ സ്ഥാപിക്കുന്നതിനുള്ള ചാർജ്ജും, അനുബന്ധ സാമഗ്രികളുടെ(വയർ, പാനൽ ബോർഡ്, ക്ലാമ്പുകൾ, പൈപ്പ് തുടങ്ങിയവ) വിലയും ഉൾപ്പെട്ടിട്ടുണ്ട്. മോട്ടോർ കേടുവന്നത് മാറ്റി സ്ഥാപിക്കുന്നതിന് അനുബന്ധ സാമഗ്രികളടക്കം വാങ്ങിയ സാഹചര്യം വിശദീകരിക്കേണ്ടതാണ്.
- മേൽ രീതിയിൽ ഇൻസ്റ്റലേഷനും, ഫിറ്റിംഗ്സ് അടക്കമുള്ള പ്രവർത്തികളും ആവശ്യമായിരുന്നെങ്കിൽ ആയതിന് ക്ഷമതയുടെ ഉദ്യോഗസ്ഥർ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, പ്രവൃത്തി പൂർത്തീകരണത്തിനു ശേഷം പ്രവൃത്തിയുടെ വാല്യൂവേഷൻ നടത്തിയതായോ ഫയലിലില്ല.
- പുതിയതായി വാങ്ങിയ മോട്ടോറുകൾ ബന്ധപ്പെട്ട കമ്മിറ്റികൾക്ക് കൈമാറിയതിന്റേയോ, ഇവരുമായി കരാർ ചമച്ചതിന്റെയോ രേഖകൾ ലഭ്യമല്ല.
- മേൽ കുടിവെള്ള പ്രദ്ധതികൾ നിലവിൽ പ്രവർത്തനക്ഷമമായോയെന്ന് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

അപാകതകൾക്ക് നൽകിയ വിശദീകരണം താഴെ കൊടുക്കുന്നു. "പദ്ധതിയംഗീകാരം ലഭിച്ച് പ്രവൃത്തി നടപ്പാക്കാൻ കാലതാമസമുണ്ടാകുമെന്നതിനാലാണ് മേൽ രീതിയിൽ പ്രവൃത്തി നടത്തിയത്. മോട്ടോർ കൈമാറിയതിന് കരാർ ചമച്ച്, മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതാണ്". മറുപടി തൃപ്തികരമല്ല. ക്ഷമതയുള്ള ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തലില്ലാതെ വലിയ തുകയ്ക്ക് സ്ഥാപനം നൽകിയ എസ്റ്റിമേറ്റ് അംഗീകരിക്കുകയും, പ്രവൃത്തി പൂർത്തീകരണശേഷം അളവുകൾ

തിട്ടപ്പെടുത്താതെ തുക അനുവദിക്കുകയും ചെയ്തത് ശരിയായ നടപടിയല്ല. ചെലവു തുക 561979 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-29 പുതിയ പഞ്ചായത്ത് വാഹനം - സർക്കാർ നിർദ്ദേശം പാലിച്ചില്ല

നിർവ്വഹണം: സെക്രട്ടറി

പ്രോജക്റ്റ് നമ്പർ : SO2/18

അടങ്കൽ : 15,00,000/- (വികസനഫണ്ട് ജനറൽ)

ചെലവ് : 12,80610/- (ബിൽ നം.53/17-18/21.03.2018)

പഞ്ചായത്തിലെ നിലവിലുള്ള വാഹനം പി.എച്ച്.സി.യുടെ ഉപയോഗത്തിനായി നൽകി പഞ്ചായത്തിലേയ്ക്ക് പുതിയ വാഹനം വാങ്ങുന്നതിന് ഭരണസമിതി തീരുമാനമെടുക്കുകയും, ഇതിനുള്ള സർക്കാർ അനുമതി 2.8.2018 ലെ സ.ഉ.(സാധാ) 397/2018/ത.സ്വ.ഭ.വ. ഉത്തരവിലൂടെ ലഭിക്കുകയും ചെയ്തു. ഉത്തരവ് പ്രകാരം, പത്ത് വർഷം പഴക്കമുള്ള KL 57 – 2880 നമ്പർ ബൊലേറോ വാഹനം, പ്രഥമികാരോഗ്യ കേന്ദ്രത്തിന് നൽകാനും, 10,00,000/- രൂപയിൽ അധികരിക്കാത്ത പുതിയ വാഹനം വാങ്ങുന്നതിനും നിർദ്ദേശിച്ചു. GeM ലൂടെ നപടികൾ പൂർത്തിയാക്കി മഹീന്ദ്ര & മഹീന്ദ്ര കമ്പനിയുടെ 12,80,610/- രൂപ വില വരുന്ന 'സ്കോർപ്പിയോ S11 2WD 140HP' വാഹനം വാങ്ങുന്നതിന് 09.03.2018ലെ ഭരണസമിതി തീരുമാനിക്കുകയും [2(1) തീരുമാനം], മേൽ ബിൽ പ്രകാരം തുക കൈമാറുകയും ചെയ്തു. 26.02.2018 ലെ ഭരണസമിതിയുടെ നാലാം തീരുമാനത്തിൽ പുതിയവാഹനം ലഭിക്കുമ്പോൾ പഴയത് പി.എച്ച്.സി.യ്ക്ക് നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പഴയ വാഹനം 2018 മെയ് മാസത്തിൽ പി.എച്ച്.സി.യ്ക്ക് കൈമാറി. എന്നാൽ 2018 ഡിസംബർ മാസത്തിൽ വാഹനം മെഡിക്കൽ ഓഫീസർ സെക്രട്ടറിയെ തിരികെ ഏൽപിച്ചിട്ടുണ്ട്. മെഡിക്കൽ ഓഫീസർ വാഹനം തിരികെ ഏൽപിച്ചുകൊണ്ടു നൽകിയ കത്തിൽ നിലവിൽ പി.എച്ച്.സി.യിലുള്ള പാലിയേറ്റീവിന്റെ വാഹനം ജില്ലയിലെ മറ്റു സ്ഥാപനങ്ങളൊന്നും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ രണ്ടു വാഹനങ്ങളുടെ സംരക്ഷണം അസാധ്യമാണെന്നും, ആയതിനാൽ വാഹനം തിരികെ ഏൽപിക്കുകയുമാണെന്നുമാണ് പരാമർശിച്ചിട്ടുള്ളത്. നിലവിൽ പി.എച്ച്.സി.യ്ക്ക് വാഹനമുണ്ടായിട്ടും, വാഹനമില്ലായെന്ന കാരണം കാണിച്ച് പുതിയ വാഹനം പഞ്ചായത്തിലേയ്ക്ക് വാങ്ങാനുണ്ടായ (പഴയത് പി.എച്ച്.സി.യ്ക്ക് നൽകുമെന്ന തീരുമാനത്തോടെ) സാഹചര്യവും, സർക്കാർ അനുമതിയിൽ കവിഞ്ഞ തുകയുടെ വാഹനം തിരഞ്ഞെടുക്കാനുണ്ടായ സാഹചര്യവും വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടി, മെഡിക്കൽ ഓഫീസറുടെ നിരന്തര ആവശ്യപ്പെടലിന്റെ അടിസ്ഥാനത്തിലാണ് പഴയ വാഹനം പി.എച്ച്.സി.യ്ക്ക്

നൽകാൻ തീരുമാനമെടുത്തതെന്നും, കൂടുതൽ സുരക്ഷാ സംവിധാനവും, സൗകര്യപ്രദവും ആയതിനാലാണ് പ്രസ്തുത മോഡൽ വാഹനം തെരെഞ്ഞെടുത്തതെന്നുമാണ്. നിലവിൽ പഴയവാഹനം തിരികെ പഞ്ചായത്തിൽ ഏൽപിച്ച സാഹചര്യത്തിൽ മേൽ വിഷയത്തിലെടുക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കേണ്ടതും, സർക്കാർ നിർദ്ദേശത്തിലധികമായി ചെലവഴിച്ച തുക 280610 രൂപ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിൻെറ പേര് | ചെലവ് | ബാലൻസ് | പ്രൊജക്ടിൻെറ നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 325000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് | 325000 | - | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 500000 | - | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 34000 | നെൽകൃഷി കൂലി ചെലവ് | 34000 | - | പൂർത്തീകരിച്ചു |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 700000 | കുമാരനെല്ലൂർ സബ് സെന്റർ നിർമ്മാണം | - | 700000 | പ്രവൃത്തി ആരംഭിച്ചില്ല |
| ജില്ല പഞ്ചായത്ത് | 2017-18 | 200000 | ആകാശഗംഗ (കിണർ റീ ചാർജ്ജജിംഗ്) | - | 200000 | പ്രവൃത്തി ആരംഭിച്ചില്ല |
| ജില്ല പഞ്ചായത്ത് | 2017-18 | 34000 | നെൽകൃഷി കൂലി ചെലവ് | 34000 | - | പൂർത്തീകരിച്ചു |
| ജില്ല പഞ്ചായത്ത് | 2017-18 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | - | പൂർത്തീകരിച്ചു |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്, ഉദ്ദേശ്യം | ഉത്തരവ് നമ്പർ, തീയതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി (ജനറൽ ) | ജി. ഒ. (എം.എസ്.) നം. 83/13/ LSGD തീയതി. 11.3.2013 | 2017-18 | 4,20,000 | 3,05,90,000 | 20,77,749 | 38,97,291 | 28512251 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | - |
| തൻവർഷം നിക്ഷേപിച്ച തുക | 5,00,000 |
| ആകെ | 5,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,00,00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്, മുക്കം | 2,50,000 |
| കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക്, തിരുവമ്പാടി | 2,50,000 |
| ആകെ | 5,00,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | റിമാർക്സ് |
|---|---|---|---|---|---|
| 2000-01 | 31 | 2003-04 | മറ്റ് പരാമർശങ്ങൾ | തെരുവു വിളക്ക് സ്ഥാപിക്കൽ | |
| 2001-02 | 3.2 | 2005-06 | 2.70.1.8.1.73 | കുടിവെള്ള പദ്ധതികൾ ഗ്രാമ പഞ്ചായത്തുകൾക്ക് ബാധ്യതയാകുന്നു | ഒഴിവാക്കാൻ ശുപാർശ |
| 2001-02 | 3.7 | 2005-06 | 2.70.1.9.6.73 | കർഷക തൊഴിലാളി പെൻഷൻ കാലതാമസം 2001-02 ൽ ലഭിച്ച100 ഓളം അപേക്ഷകൾ ഒരു വർഷത്തിനു ശേഷമാണ് തീർപ്പാക്കിയത്. | ഒഴിവാക്കാൻ ശുപാർശ |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 2001-02 | 2 | 2005-06 | 2.70.14.12.80 | നികുതി പിരിക്കുന്നതിലെ അലംഭാവം | ഒഴിവാക്കാൻ ശുപാർശ |
| 2003-04 | 2.1 | 2006-07 | 3.79.1.22.100 | ഗ്രാമ പഞ്ചായത്ത്- കെട്ടിട നികതി , തൊഴിൽ നികുതി, തനതു വരവ് യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു.<br>1) കെട്ടിട നികുതി 89298.00<br>2) തൊഴിൽ നികുതി ---<br>3) ലൈസൻസ് 4443.00<br>മറ്റിനം 93741.00 (1995-96 മുതൽ 2000-01 വരെ) | |

| | | | | | |
|---|---|---|---|---|---|
| 2002-03 | 3.26 | 2006-07 | 3.79.3.11.102 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപാകതകൾ നൽകി | |
| 2003-04 | 2.3 | 2006-07 | 3.79.4 .103 | പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം -കാഷ് ബുക്കും മറ്റും ശരിയാം വിധം എഴുതുന്നില്ല. | |
| 2003-04 | 3.6 | 2006-07 | 3.79.6 .105 | മണൽ വിൽപ്പന റിവർ മാനേജ്മെന്റ് ഫണ്ട് അടച്ചതിന് ക്യാഷ് രശീതി നൽകുന്നില്ല. | |
| 2003-04 | 3.10 | 2006-07 | 3.79.11.2.108 | കന്നുകുട്ടി പരിപാലനം അപാകതകൾ | |
| | | 2013-14 | 5.1.5.2.58 | ജലസ്രോതസുകൾ മാലിന്യ കൂമ്പാരം | |
| 2014-15 | 3.19 | 2016-17 | 6-93 | ആശ്രയ | |
| 2015-16 | 2.2 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | |

| | | | | | |
|---|---|---|---|---|---|
| | | | | അപാകതകൾ | |

# 4-8 തീർപ്പാക്കാനവശേഷിക്കുന്ന ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80356027 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83662592 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 283610 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5121553 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|
| 3-22 | 3000 | ശ്രീ. സി ഇ സുരേഷ് ബാബു സെക്രട്ടറി | ശ്രീ. സി ഇ സുരേഷ് ബാബു സെക്രട്ടറി |
| 3-29 | 280610 | ശ്രീ. സി ഇ സുരേഷ് ബാബു സെക്രട്ടറി | ശ്രീ. സി ഇ സുരേഷ് ബാബു സെക്രട്ടറി |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|

| | | | |
|---|---|---|---|
| 3-1 | 95000 | ശ്രീ. മുജീബ് റഹ്മാൻ, വെറ്ററിനറി സർജൻ | ശ്രീ. മുജീബ് റഹ്മാൻ, വെറ്ററിനറി സർജൻ |
| 3-4 | 648000 | ശ്രീ. മുജീബ് റഹ്മാൻ, വെറ്ററിനറി സർജൻ | ശ്രീ. മുജീബ് റഹ്മാൻ, വെറ്ററിനറി സർജൻ |
| 3-5 (എ) | 156000 | ശ്രീ. മുജീബ് റഹ്മാൻ, വെറ്ററിനറി സർജൻ | ശ്രീ. മുജീബ് റഹ്മാൻ, വെറ്ററിനറി സർജൻ |
| 3-5 (ബി) | 312000 | ശ്രീ. മുജീബ് റഹ്മാൻ, വെറ്ററിനറി സർജൻ | ശ്രീ. മുജീബ് റഹ്മാൻ, വെറ്ററിനറി സർജൻ |
| 3-6 | 270000 | ശ്രീ. മുജീബ് റഹ്മാൻ, വെറ്ററിനറി സർജൻ | ശ്രീ. മുജീബ് റഹ്മാൻ, വെറ്ററിനറി സർജൻ |
| 3-7 | 300000 | ശ്രീ. മുസ്തഫ സി എച്ച്, അസി. എൻജിനീയർ | ശ്രീ. മുസ്തഫ സി എച്ച്, അസി. എൻജിനീയർ |
| 3-8 | 361400 | ശ്രീമതി എൻ ഭുവനേശ്വരി, അസി സെക്രട്ടറി | ശ്രീമതി എൻ ഭുവനേശ്വരി, അസി സെക്രട്ടറി |
| 3-9 | 399400 | ഡോ എൻ മനലാൽ, മെഡിക്കൽ ഓഫീസർ , പി എച്ച് സി | ഡോ എൻ മനലാൽ, മെഡിക്കൽ ഓഫീസർ , പി എച്ച് സി |
| 3-16 | 1001850 | ശ്രീമതി സി വി ശുഭ, കൃഷി ഓഫീസർ | ശ്രീമതി സി വി ശുഭ, കൃഷി ഓഫീസർ |
| 3-20 | 915937 | ശ്രീമതി ഉമൈസ, ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഉമൈസ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 3-25 | 99990 | ഡോ എൻ മനലാൽ, മെഡിക്കൽ ഓഫീസർ , പി എച്ച് സി | ഡോ എൻ മനലാൽ, മെഡിക്കൽ ഓഫീസർ , പി എച്ച് സി |
| 3-28 | 561979 | ശ്രീ. മുസ്തഫ സി എച്ച്, അസി. എൻജിനീയർ | ശ്രീ. മുസ്തഫ സി എച്ച്, അസി. എൻജിനീയർ |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സി ഇ സുരേഷ് ബാബു<br>സെക്രട്ടറി | സേവനത്തിൽ നിന്നും വിരമിച്ചു | പാറക്കോട്ട് വീട്, പൂവാട്ട് പറമ്പ് പി ഒ, കോഴിക്കോട്- 673008 |
| ശ്രീ. മുജീബ് റഹ്മാൻ,വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ ഗവ. വെറ്ററിനറി ഡിസ്പെൻസറി, കാരശ്ശേരി | പാലാട്ട് പറമ്പിൽ വീട്, തിരുവമ്പാടി പി ഒ, കോഴിക്കോട് |
| ശ്രീ. മുസ്തഫ സി എച്ച്, അസി. എൻജിനീയർ | അസി. എൻജിനീയർ കാരശ്ശേരി ഗ്രാമ പഞ്ചായത്ത് | അയിഷ മൻസിൽ, എഴുതലക്കൽ, മൂഴിക്കൽ, കോഴിക്കോട് |
| ശ്രീമതി എൻ ഭുവനേശ്വരി,<br>അസി സെക്രട്ടറി | അസി സെക്രട്ടറി കക്കോടി ഗ്രാമ പഞ്ചായത്ത് | അശ്വതി, താഴെ പനങ്ങോട്ട് പറമ്പ്, കരുവിശ്ശേരി പി ഒ, കോഴിക്കോട് |

| | | |
|---|---|---|
| | | 673010 |
| ഡോ എൻ മനലാൽ, മെഡിക്കൽ ഓഫീസർ , പി എച്ച് സി | മെഡിക്കൽ ഓഫീസർ , പി എച്ച് സി കാരശ്ശേരി ഗ്രാമ പഞ്ചായത്ത് | തേവർകണ്ടി വീട്, തിക്കോടി പി ഒ, കോഴിക്കോട് 673529 |
| ശ്രീമതി സി വി ശുഭ, കൃഷി ഓഫീസർ | കൃഷി ഓഫീസർ കാരശ്ശേരി ഗ്രാമ പഞ്ചായത്ത് | വഴിപോക്കിൽ വീട് , ചാത്തമമഗലം പി ഒ, എൻഐ ടി (വഴി), കോഴിക്കോട് |
| ശ്രീമതി ഉമൈസ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി എക്സ്റ്റൻഷൻ സർവീസ് യൂനിറ്റ്, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്, മാമ്പറ്റ, മുക്കം പി ഒ | സക്കോയ വീട്, മാത്തോട്ടം അരക്കിണർ പി ഒ കോഴിക്കോട്-673028 |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് വകുപ്പിൽ നിന്ന് അവസാനം പുറപ്പെടുവിച്ച കത്തിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(2) | 2 | 35, 45 |
| 1999-2000 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 194/10 തി. 18.3.2010 | 1 | 40 |

| | | | |
|---|---|---|---|
| 2000-01 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(2) | 1 | 32, 35 |
| 2001-02 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(3) | 3 | 3-3, 3-4, 3-5 |
| 2002-03 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(4) | 1 | 3-21 |
| 2003-04 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1482/13(5) | 1 | 3-6 |
| 2008-09 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 987/13 തി25.4.13 | 16 | 1-1, 1-3, 2-1(1) മുതൽ 13 വരെ, 2-2, 2-3(12), 2-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 4-2, 4-3, 4-6 (ഇ), 4-7 |
| 2009-10 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1552/14(2) | 28 | 1-1,1-3,1-4,2-1, 2-3,2-7,2-8, 2-11,2-12,2-14, 3-1,3-3,3-5, 3-6,3-7,3-8, 3-9.3-10,3-15, 3-15,3-16,3-17, 3-19,3-20, 3-22,3-23, 4-2,4-3 |

| | | | |
|---|---|---|---|
| 2010-11 | എൽ.എഫ്.എ.കെ.കെ.ഡി.പി3/ 1222/13 തി. 10.10.2013 | 19 | 1-1, 1-3, 2-2, 2-3, 2-4, 2-5,(2), 3-1, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-15, 3-17, 3-18 |
| 2011-12<br>2012-13 | കെ.എസ്.എ.കെ.കെ.ഡി പി3/ 246/16 തി 15.03.16 | 31 | 3-9(6),3-10)6) |
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി പി3/ 421/2016 തി 04.05.2016 | 26 | 2-1,2-2,2-3,2-4,<br>3-1,3-2,3-3,3-4,3-7,3-8, 3-9,3-10,3-11, 3-12,3-13,3-14,3-15, 3-16,3-17, 3-18,3-19,3-20,3-21,3-22 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി പി3/ 2179/2016 തി 06.06.2017 | 16 | 2-1, 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി പി3/ 1693/2017 തി 31.10.2017 | 27 | 2-1,2-2,2-3,2-4,2-5, 2-6,2-7,3-2,3-3, 3-4,3-5,3-6, 3-9,3-10,3-11, 3-12,3-13,3-14, 3-15,3-17, 3-23, 3-24,3-25, 3-27,3-28,3-29,4-9 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി.13/330/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in

തിയതി:21.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാരശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്.